# Trichur Archdiocesan Bulletin

ആഗസ്റ്റ് 2020
വാല്യം: 87 ലക്കം: 08
ESTD:1934



അപ്പസ്തോല പ്രവർത്തനങ്ങൾ 16: 25-40 (തടവറയിലെ അത്ഭുതം)

TAB



ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ

**വി. ജോൺ മരിയ വിയാനി**

(ആഗസ്റ്റ് 4)

ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ



Trichur Archdiocesan Bulletin TAB

ESTD:1934

ആഗസ്റ്റ് 2020

ലക്കം: 8 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org

## ഈ ലക്കത്തിൽ

| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 23 |
| നാമകരണ നടപടികൾ | 25 |
| നാളാഗമം | 28 |
| വൈദികർ | 30 |
| സന്യസ്തർ | 32 |
| പാലയൂർ തീർത്ഥകേന്ദ്രം | 35 |
| വിശ്വാസപരിശീലനം | 38 |
| സ്ഥാപനങ്ങൾ | 45 |
| സംഘടനകൾ | 62 |



1174/2020
17.07.2020 C- 10

## സർക്കുലർ

# വി. എവുപ്രാസ്യ മ്മയുടെ തിരുനാൾ

### ആഗസ്റ്റ് 29

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

ഈശോമിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ലോകം മുഴുവൻ കോവിഡ് 19 ന്റെ ഭീതിയിൽ കഴിയുന്ന ഈ അവസരത്തിൽ ആഘോഷങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല എന്ന് നാമെല്ലാവരും ഒരുപോലെ ചിന്തിക്കുന്ന ഒരു സമയമാണിത്. എന്നാൽ, ഏതെല്ലാം കാലഘട്ടങ്ങളിൽ മഹാമാരിയും, പ്രകൃതിക്ഷോഭവും ഈ ലോകത്തെ ഗ്രസിക്കുവാൻ പൊട്ടിപ്പുറപ്പെട്ടുവോ, അപ്പോഴെല്ലാം, ദൈവത്തിന്റെ ഹൃദയത്തോട് ഒട്ടി നിന്നിരുന്ന ചില മനുഷ്യരുടെ ശക്തമായ ഇടപെടൽ, ലോകജനതയെ അതിൽ നിന്നെല്ലാം രക്ഷിച്ച ചരിത്രം ഉല്പത്തി മുതൽ ഇന്നോളം നമുക്ക് സുപരിചിതമാണ്. അതിനാൽ, വിശുദ്ധരുടെ തിരുനാൾ ആചരണങ്ങൾ, ആഘോഷങ്ങളില്ലാതെ തന്നെ കൊണ്ടാടുന്നതും, അവരുടെ ജീവിത മാതൃക പ്രാവർത്തികമാക്കുന്നതും ഉചിതമാണ്.

പ്രഭാതത്തിൽ ഉണർന്ന്, ഏത് പ്രതികൂല കാലാവസ്ഥയിലും,

കുടുംബസമേതം വി. കുർബാനയിൽ പങ്കെടുത്ത്, വി. കുർബാന സ്വീകരിച്ച്, ജീവിതം ആരംഭിക്കുന്ന അനേകം കുടുംബങ്ങൾ എന്നും കേരളസഭയിൽ സജീവമാണ്. വിശ്വാസികളുടെ കൗദാശിക ജീവിതത്തെ കൂടി വെല്ലുവിളിച്ചുകൊണ്ട് പടർന്നു പിടിക്കുന്ന കോവിഡ് 19 – നെ നേരിടാൻ, ഈ ലോക് ഡൗൺ കാലഘട്ടത്തിൽ, കുടുംബം ഒരു ബലിവേദിയാക്കാൻ ഈ കുടുംബങ്ങൾക്ക് സാധിക്കുന്നു എന്നത് ഏറെ അഭിനന്ദനാർഹമാണ്.

വി. കുർബാന സുലഭമല്ലാതിരുന്ന 19–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന വി. എവുപ്രാസ്യമ്മ ഈ വേദന സ്വന്തം ജീവിതത്തിൽ തീവ്രമായി അനുഭവിച്ചവളാണ്. നിത്യേന വി. കുർബാന ലഭിക്കുക എന്നത് സന്യാസാശ്രമങ്ങളിൽ പോലും സാധ്യമല്ലാതിരുന്ന ആ കാലഘട്ടത്തിൽ, തന്റെ മനസ്സിന്റെ വേദന മുഴുവൻ കുമ്പസാരക്കാരനും, ആത്മപിതാവുമായ തൃശൂർ രൂപത മെത്രാൻ മാർ ജോൺ മേനാച്ചേരി പിതാവിനെ അമ്മ അറിയിക്കുന്നുണ്ട്.

1902 ൽ എവുപ്രാസ്യമ്മ അമ്പഴക്കാട്ട് മഠത്തിൽ താമസിച്ചിരുന്നപ്പോൾ, അവിടെ നിന്നും എഴുതുന്ന ഒരു കത്തിൽ ഇപ്രകാരം പറയുന്നു: കുർബാന എന്ന ഈ പരമ ഭാഗ്യം ഇവിടെ വളരെ കുറവുള്ളത് കൊണ്ട് ഉള്ളിൽ വളരെ സങ്കടവും, ഈ കുറവ് തീർക്കാൻ എന്ത് പ്രവൃത്തിയെങ്കിലും ചെയ്യുന്നതിന് വലിയ വിശപ്പും ആഗ്രഹവും എല്ലായ്പ്പോഴും ഈ അയോഗ്യ മകളുടെ ഹൃദയത്തിൽ അധികമായി വരുന്നുണ്ട്. മറ്റൊരു കത്തിൽ പറയുന്നു: കർത്താവിന്റെ പീഢാനുഭവങ്ങളുടെ കാലമായ അമ്പത് നോമ്പ് ദിവസങ്ങളിൽ മുടങ്ങാതെ വി. കുർബാന കൈക്കൊള്ളുവാൻ യാതൊരു വഴിയുമില്ലല്ലോ എന്നോർത്ത് ദുഃഖിക്കുകയും അപേക്ഷിക്കുകയും ചെയ്തിരുന്നു. വല്ല യാത്രക്കാരായ അച്ചന്മാരെയെങ്കിലും കുർബാനയില്ലാത്ത ദിവസം വരുത്തി തരണമെന്ന് ദിവസംതോറും നോമ്പ് പിടിക്കുന്നതിന് മുമ്പേ ഞാൻ അപേക്ഷിച്ചിരുന്നു.

വി. കുർബാനക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിച്ച വി.എവുപ്രാസ്യാമ്മയുടെ മാതൃക നമ്മുടെ ആത്മീയ മരുഭൂമി അനുഭവത്തിൽ പ്രത്യാശ പകരുവാൻ സഹായകമാകട്ടെ. വിശ്വാസ ജീ

വിതത്തിന്റെ വെല്ലുവിളികൾ അനുദിനം സങ്കീർണ്ണമാകുന്ന ഈ സാഹചര്യത്തിൽ, ദേവാലയത്തിലേക്ക് കടന്നു വരുവാൻ ആഗ്രഹമുള്ള പലർക്കും, കോവിഡ് ഭീതി മൂലവും, പ്രായപരിധി കടന്നതു കൊണ്ടും, നിത്യേന സന്ദർശിച്ചിരുന്ന ദേവാലയം ഒരു ഓർമ്മയായി മാറുന്നു. വാർഷിക ധ്യാനങ്ങളും, പാപസങ്കീർത്തനവും നടത്താൻ പറ്റാത്ത അവസ്ഥ, കുടുംബ കൂട്ടായ്മകളും, ദൈവവിളി പ്രോത്സാഹനങ്ങളും എല്ലാം നിലച്ച അനുഭവം. എന്നാൽ, എല്ലാം നന്മക്കായി ഒരുക്കുന്ന ദൈവത്തിന്റെ പദ്ധതി നാം മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ, നമുക്ക് മുൻപേ, ദൈവഹിതം മാത്രം നിറവേറ്റി ജീവിച്ച വിശുദ്ധരായ നമ്മുടെ മുൻഗാമികളിലേക്ക് നോക്കുന്നത് അഭിലഷണീയമാണ്.

വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ആഗസ്റ്റ് 29 നാണെന്ന് ഏവർക്കും അറിയാമല്ലോ. വിശ്വാസികൾക്ക് ഒല്ലൂരിലുള്ള അമ്മയുടെ കബറിടത്തിൽ പോയി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാൻ സാധ്യതയില്ലാത്ത ഈ വർഷം, വി. എവുപ്രാസ്യമ്മയുടെ നൊവേന ദിവസങ്ങളിലെ തിരുക്കർമ്മങ്ങളിലും, തിരുനാൾ തിരുക്കർമ്മങ്ങളിലും ഷെക്കെയ്ന ടെലിവിഷനിലൂടെ ലൈവ് ആയി പങ്കെടുക്കുവാൻ അവസരം ഒരുക്കുന്നുണ്ട്.

തിരുനാൾ ദിനം ആഗസ്റ്റ് 29, ശനിയാഴ്ചയാണെങ്കിലും, കൂടുതൽ ആളുകൾക്ക് തിരുനാൾ കുർബാനയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നതിനുവേണ്ടി, ഈ വർഷത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എവുപ്രാസ്യമ്മയുടെ തിരുനാൾ ആഗസ്റ്റ് 30 ന് ഞായറാഴ്ച ആഘോഷിക്കുന്നു. അന്ന് ഷെക്കെയ്ന ടെലിവിഷനിൽ രാവിലെ 7 നുള്ള വി. കുർബാന, വി. എവുപ്രാസ്യമ്മയുടെ തിരുനാൾ കുർബാനയായിരിക്കും.

ഈ വർഷത്തെ തിരുനാൾ ആഗസ്റ്റ് 30 ന് ആഘോഷിക്കുന്നതു കൊണ്ട്, എവുപ്രാസ്യമ്മയുടെ തിരുനാളിന്റെ നവനാൾ ആരംഭിക്കുന്നത് ആഗസ്റ്റ് 21 വെള്ളിയാഴ്ചയായിരിക്കും. നൊവേന ദിവസങ്ങളിൽ എല്ലാ ദിവസവും രാവിലെ 6.45 നും, ഞായറാഴ്ച രാവിലെ 7 നും വി. കുർബാനയും, നൊവേനയും ഷെക്കെയ്ന ചാനലിൽ ലൈവ് ആയി ലഭ്യമാണ്.

കോവിഡ് മഹാമാരി വരുത്തി വെയ്ക്കുന്ന ദാരിദ്ര്യവും, തൊഴിലില്ലായ്മയും, സാമ്പത്തിക പ്രതിസന്ധിയും, അരക്ഷിതത്വവും, ഭാവിയെക്കുറിച്ചുള്ള ആശങ്കകളും എല്ലാം നാം നേരിടുമ്പോൾ, നമുക്ക് ഉറപ്പുള്ള തുണയാണ് നമ്മുടെ സ്വർഗ്ഗീയ കൂട്ടുകാരായ വിശുദ്ധരും, മാലാഖമാരും. ഈ മണ്ണിൽ നമ്മോടൊത്ത് ജീവിച്ച്, മരിച്ചാലും മറക്കില്ല എന്ന് ഉറപ്പുതന്ന എവുപ്രാസ്യമ്മ നമ്മുടെ എല്ലാ ആവശ്യങ്ങളും, പ്രയാസങ്ങളും ഈശോക്ക് സമർപ്പിച്ച് നമുക്കായി അനുഗ്രഹങ്ങൾ വർഷിക്കും.

സ്വർഗ്ഗീയ ജറുസലേമിലേക്കുള്ള യാത്രയിൽ നമുക്ക് താങ്ങും ത

ണലും വിശുദ്ധ കുർബാനയും ജപമാലയുമാണെന്ന് ഈശോയേയും പരിശുദ്ധ അമ്മയേയും പ്രാണനു തുല്യം സ്നേഹിച്ച എവുപ്രാസ്യമ്മ നമ്മെ പഠിപ്പിക്കുമ്പോൾ, ആ ഉപദേശം നമുക്ക് ഏറ്റെടുക്കാം. തിരുസഭയേയും, ലോകം മുഴുവനേയും, തൃശൂർ അതിരൂപതയേയും, എല്ലാ കുടുംബങ്ങളേയും ഈശോയുടെ തിരുഹൃദയത്തെ ഭരമേല്പിക്കാം. വി. എവുപ്രാസ്യമ്മയുടെ മാദ്ധ്യസ്ഥ്യം വഴി ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

ഏവർക്കും വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ആശംസകൾ നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,



മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2020 ആഗസ്റ്റ് 9-ാം തിയ്യതി ഞായറാഴ്ച്ച വി. കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കണം. +AT



1070/2020 C- 9
26.06.2020

# സർക്കുലർ

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മത്തിരുനാൾ നാം ജൂലൈ 3–ന് ആഘോഷിക്കുകയാണ്. ദുക്റാനത്തിരുനാളിന്റെ ആശംസകൾ എല്ലാവർക്കും നേരുന്നു.

കോവിഡ്–19 പശ്ചാത്തലത്തിലാണല്ലോ നമ്മൾ ഈ തിരുനാൾ ആഘോഷിക്കുന്നത്. വിശ്വാസജീവിതത്തിലും സമൂഹതലത്തിലും വളരെയേറെ പ്രതിസന്ധികളിലൂടെ നമ്മൾ മുന്നോട്ട് പോകുന്ന സാഹചര്യമാണിന്നുള്ളത്. ക്രൈസ്തവ വിശ്വാസത്തിലേക്ക് നമുക്ക് ജന്മം നല്കിയ നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ തിരുനാൾ ആത്മീയമായ ഒരു ഉണർവ്വിന് നമുക്ക് പ്രചോദനമാകുകയാണ്. നമ്മുടെ പുണ്യപിതാവ് പകർന്നുതന്ന വിശ്വാസ തീക്ഷണതയും പ്രേഷിത ചൈതന്യവും അനുകരിക്കുവാനും നമ്മുടെ ജീവിതത്തിലേക്ക് ഉൾച്ചേർക്കു

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

വാനും നമുക്ക് കടമയുണ്ട്. ഈയവസരത്തിൽ പ്രധാനമായും രണ്ടു കാര്യങ്ങളാണ് നമ്മുടെ മനസ്സിൽ നാം സൂക്ഷിക്കേണ്ടത്.

ഒന്നാമതായി, മാർത്തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാന ഘടകമാണ്. ഈശോയോടുകൂടെ ജീവിച്ച തോമാശ്ലീഹ, ഈശോ ജീവിച്ചിരിക്കുമ്പോൾ തന്നെ അവനോടുകൂടെ നമുക്കും പോയി മരിക്കാം (യോഹ. 11, 16) എന്ന് പ്രഖ്യാപിച്ചവനാണ്. ആ വിശ്വാസപ്രഖ്യാപനത്തിന്റെ പൂർത്തീകരണം എന്റെ കർത്താവേ എന്റെ ദൈവമേ (യോഹ. 11, 16) എന്ന ഏറ്റുപറച്ചിലിൽ നമുക്ക് കാണാവുന്നതാണ്. നമ്മുടെ വിശ്വാസത്തിന് ആത്മബലം നൽകുവാൻ തോമാശ്ലീഹായുടെ ഈ സാക്ഷ്യം നമ്മെ ആഹ്വാനം ചെയ്യുകയാണ്. നാം ജനിക്കുന്നതും ജീവിക്കുന്നതും ഈ വിശ്വാസത്തിന്റെ സാക്ഷ്യമേകുവാനാണ്.

രണ്ടാമതായി, തോമാശ്ലീഹായുടെ പ്രേഷിതചൈതന്യം തുടരാൻ നമുക്ക് കഴിയണം. മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതദൗത്യം, നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ. 16: 15; മത്താ. 28:20) എന്ന യേശുനാഥന്റെ കല്പനയുടെ പൂർത്തീകരണമാണ്. തോമാശ്ലീഹായുടെ ജീവിതവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ ഈ പ്രേഷിതദൗത്യത്തിന് മറ്റൊരു വശംകൂടിയുണ്ടെന്ന് നമുക്ക് കാണുവാൻ കഴിയും. യേശുവിനോടുകൂടെ മരിക്കാൻപോലും സന്നദ്ധനായിരുന്ന തോമാശ്ലീഹാ യേശുവിന്റെ ഉത്ഥാനത്തിന് ശേഷം മറ്റു ശിഷ്യർക്ക് യേശുവിന്റെ ദർശനമുണ്ടായപ്പോൾ അവിടെ ഉണ്ടായിരുന്നില്ലെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ തനിക്കും യേശുവിനെ കാണണമെന്നുള്ള തോമാശ്ലീഹായുടെ സ്നേഹശാഠ്യത്തിനു മുന്നിൽ യേശു വീണ്ടും പ്രത്യക്ഷനായി തോമാശ്ലീഹായ്ക്ക് ദർശനം നൽകുന്നുണ്ട്. (യോഹ. 20: 26). യേശു തോമാശ്ലീഹായോട് ആവശ്യപ്പെടുന്നത് തന്റെ പാർശ്വത്തിൽ വന്ന് തൊടുവാനും മുറിവുകളിൽ സ്പർശിക്കുവാനുമാണ് (യോഹ.20:27). യേശുവിന്റെ മുറിവിൽ സ്പർശിക്കാൻ യേശു തോമാശ്ലീഹായോട് ആവശ്യപ്പെടുമ്പോൾ വലിയൊരു പ്രേഷിതദൗത്യമാണത് നമുക്ക് നല്കുന്നത്.

ആ പ്രേഷിതദൗത്യം അപരന്റെ മുറിവിലേക്ക് ഇറങ്ങി ചെല്ലുവാനും അവന്റെ വേദനകളിൽ ആശ്വാസത്തിന്റെ സ്പർശമായി മാറുവാനുമുള്ള ആഹ്വാനമായി തീരുകയാണ്. ആരാണ് എന്റെ അയൽക്കാരൻ എന്ന ചോദ്യത്തിന് നിയമജ്ഞനോട് നല്ല സമരിയാക്കാന്റെ ഉപമയ്ക്ക് ശേഷം യേശു പറയുന്നത്, നീയും പോയി അതുപോലെ പ്രവർത്തിക്കുക (ലൂക്കാ 10: 37) എന്നതാണ്. ഈ പ്രേഷിത ദൗത്യമാണ് ഫ്രാൻസിസ് പാപ്പായുടെ സുവിശേഷത്തിന്റെ സന്തോഷം എന്ന ചാക്രികലേഖനത്തിൽ അപരന്റെ മുറിവിലേക്ക്, അപരന്റെ വേദനയിലേക്ക്, സ്നേഹത്തിന്റെ സ്പർശവുമായി കടന്നുചെല്ലാൻ ഓരോ ക്രൈസ്തവനും കഴിയണമെന്ന് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നതിലുടെ നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ഇന്ന് കോവിഡ്-19 മഹാമാരി രാജ്യമാകെ പടർന്നുപിടിക്കുമ്പോൾ മറ്റുള്ളവന്റെ നൊമ്പരങ്ങളെ മനസ്സിലാക്കുവാനും അവനെ ആശ്വസിപ്പിക്കുവാനും നമുക്ക് കഴിയുന്നുണ്ടെങ്കിൽ നമ്മളും സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണ്. കോവിഡ്-19 രോഗംമൂലം നാനാതരത്തിൽ ക്ലേശമനുഭവിക്കുന്നവർ ധാരാളമാണ്. രോഗംമൂലം മരിച്ചവർ, സ്വന്ത-ബന്ധങ്ങളിൽ നിന്ന് അകന്നുകഴിയുന്നവർ, ജോലിനഷ്ടപ്പെട്ടവർ, സാമ്പത്തിക പരാധീനത അനു വിക്കുന്നവർ, ഭയാശങ്കകളിൽ കഴിയുന്നവർ തുടങ്ങി വിവിധങ്ങളായ ബുദ്ധിമുട്ടനുഭവിക്കുന്നവർ നമുക്കു ചുറ്റും വർദ്ധിച്ചുവരികയാണ്. നമ്മുടെ കരുണയുള്ള കണ്ണുകൾ തുറക്കാനും സഹായഹസ്തം നീട്ടുവാനും നമുക്കു സാധിക്കണം. ഇവിടെയാണ് നാം പ്രേഷിതരും വിശ്വാസത്തിന്റെ ജീവിക്കുന്ന സാക്ഷികളുമായി മാറുകയും ചെയ്യുന്നത്.

തൃശ്ശൂർ അതിരൂപതയെ സംബന്ധിച്ചിടത്തോളം ഈ വർഷത്തെ ദുക്റാന തിരുനാൾ ആഘോഷം വളരെ ചരിത്രപ്രാധാന്യമുള്ളതാണ്. മാർത്തോമ്മാശ്ലീഹായുടെ പുണ്യപാദസ്പർശമേറ്റ പാലയൂർ പള്ളി ജൂലൈ 3ന് ചരിത്രത്തിന്റെ താളുകളിൽ ഇടംപിടിക്കുകയാണ്. 2020 ജൂലൈ 3ന് പാലയൂർ പള്ളിമേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രമായി പ്രഖ്യാപിക്കപ്പെടുകയാണ്. ജൂലൈ 3ന് രാവിലെ 7 മണിയുടെ കുർബാനയോടനുബന്ധിച്ച് സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി പിതാവ് പാലയൂർ പള്ളിയെ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രമായി ഉയർത്തുന്നതാണ്. ഒരു പള്ളിയുടെ ചരിത്ര പരവും സാംസ്കാരികവുമായ പ്രാധാന്യത്തെയും ആ പള്ളി വിശ്വാസ ജീവിതത്തിനു നൽകിയ സാക്ഷ്യത്തിനെയും സമൂഹത്തിനു നൽകിയ

സംഭാവനയെയും പരിഗണിച്ചുകൊണ്ടാണ് സീറോ മലബാർ സഭയിൽ ഒരു പള്ളിക്ക് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം എന്ന പദവി നൽകുന്നത്. ഈ അംഗീകാരം ലഭിച്ചിട്ടുള്ള അപൂർവ്വം പള്ളികളിൽ ഒന്നാണ് നമ്മുടെ മാർത്തോമാശ്ലീഹായുടെ തീർത്ഥകേന്ദ്രമായ പാലയൂർ പള്ളി. ഇനിമുതൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിന്റെ റെക്ടർ ആർച്ച് പ്രീസ്റ്റ് എന്ന പേരിലാണ് അറിയപ്പെടുക. ഈയവസരത്തിൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രമായി ഉയർത്തപ്പെടുന്ന പാലയൂർ പള്ളിക്കും ഇടവകജനത്തിനും അതിരൂപത മുഴുവന്റെയും പ്രാർത്ഥനകളും ആശംസകളും ഞാൻ നേരുന്നു.

2020 ജൂലൈ 3ന് പാലയൂർ പള്ളി മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രമായി പ്രഖ്യാപിക്കുന്ന ശുശ്രൂഷ അന്ന് രാവിലെ 7 മണിയുടെ കുർബാനയോടുകൂടിയാണ് നടത്തപ്പെടുന്നത്. ഈ പ്രഖ്യാപനകർമ്മം Media Catholica Live Stream – ലും ഷെക്കെയ്ന ടിവിയിലും പ്രക്ഷേപണം ചെയ്യുന്നതാണ്.

ദുക്റാന തിരുനാൾ ആഘോഷിക്കുന്ന നമുക്ക് തോമ്മാശ്ലീഹാ തിരികൊളുത്തിയ വിശ്വാസദീപശിഖ അണയാതെ കാത്തുസൂക്ഷിക്കുവാനും വരുംതലമുറക്ക് കൈമാറി കൊടുക്കുവാനും സാധിക്കട്ടെ. തോമ്മാശ്ലീഹായുടെ വിശ്വാസധീരതയും പ്രേഷിത ചൈതന്യവും ഏതു പ്രതിസന്ധിയുടെ മധ്യത്തിലും നമുക്ക് ശക്തി പകരട്ടെയെന്നും അതിനായി വി. തോമാശ്ലീഹായുടെ മാധ്യസ്ഥം നിങ്ങൾക്കേവർക്കും ഉണ്ടാകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

യേശുവിൽസ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത

---

NB:

1. ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3, വെള്ളിയാഴ്ച ആയതിനാൽ അന്നേ ദിവസത്തെ മാംസവർജ്ജനനിയമത്തിൽ നിന്നും ഒഴിവു നൽകിയിട്ടുണ്ടെന്ന് ജനങ്ങളെ അറിയിക്കേണ്ടതാണ്.
2. ജൂലൈ 3ലെ രാവിലെ 7 മണിക്കുള്ള പാലയൂരിലെ കുർബാനയുടെ സംപ്രേഷണത്തെ കുറിച്ച് ജനങ്ങളെ സാധിക്കുന്ന വിധത്തിൽ അറിയിക്കേണ്ടതാണ്.

+ AT

Ref: 3320/K-5/KCBC/OL/DS
06.07.2020

## പരിശുദ്ധ കന്യകമറിയത്തിന്റെ മൂന്നു അപദാനങ്ങൾ കൂട്ടിച്ചേർത്ത് മാധ്യസ്ഥ്യം തേടുന്ന സഭ

**ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി



പരിശുദ്ധ കന്യകമറിയം വിശ്വാസികളുടെ പ്രത്യേക മധ്യസ്ഥയാണ്. ജപമാല പ്രാർത്ഥനയുടെ അവസാനത്തിൽ പരിശുദ്ധ കന്യകമറിയത്തിന്റെ അപദാനങ്ങൾ വാഴ്ത്തിപ്പാടി അവളുടെ മാധ്യസ്ഥ്യത്തിനായി അപേക്ഷിക്കുന്ന ലൂത്തനീയ ഇറ്റലിയിലെ ലൊറേറ്റോ എന്ന മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ 1541–ൽ ആരംഭിച്ചതാണ്. 1587–ൽ സിക്സ്റ്റസ് 5–ാമൻ പാപ്പാ അതിനു അംഗീകാരം നല്കുകയും മറ്റ് പല ലുത്തനീയകൾ അനൗദ്യാഗികമാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. പിൽക്കാലത്ത് പല സമയങ്ങളിലായി 7 പുതിയ അർഥനകൾ പ്രസ്തുത ലൊറേറ്റോ ലുത്തനീയയുടെ കൂടെ ചേർക്കുകയുണ്ടായി. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 1988–ൽ "സഭയുടെ മാതാവേ" എന്നതും 1995–ൽ "കുടുംബങ്ങളുടെ രാജ്ഞി" എന്നതും ചേർക്കുകയുണ്ടായി.

ഇപ്പോൾ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ വിപത്തായ കോവിഡ് 19–ന്റെ പശ്ചാത്തലത്തിൽ 2020 ജൂൺ 20–ാംതീയതി പരിശുദ്ധ കന്യകമറിയത്തിന്റെ വിമലഹൃദയത്തിരുനാളിൽ മൂന്ന് സംബോധനകൾ കൂടെ ചേർത്ത് അവളുടെ മധ്യസ്ഥത്തിനായി യാചിക്കാനായി വിശ്വാസികളെ ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി.

"**കരുണയുടെ മാതാവേ**" എന്ന യാചന "സഭയുടെ മാതാവേ" എന്നതിനുശേഷവും, "**പ്രത്യാശയുടെ മാതാവേ**" എന്നത് "ദൈവവരപ്രസാദത്തിന്റെ മാതാവേ" എന്നതിനുശേഷവും "**കുടിയേറ്റക്കാരുടെ ആശ്വാസമേ**" എന്നത് "പാപികളുടെ സങ്കേതമേ" എന്നതിനുശേഷവും ചേർക്കാനാണ് പരിശുദ്ധ പിതാവ് നിർദേശിച്ചിരിക്കുന്നത്.

ഈ യാചനകളിലുള്ള മറിയത്തിന്റെ നാമങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം സഭയുടെ പരമ്പരാഗത പ്രാർത്ഥനകളിൽ ഉള്ളതാണ്. അതായത് "പരിശുദ്ധ രാജ്ഞി, കരുണയുടെ മാതാവേ സ്വസ്തി, ഞങ്ങളുടെ ജീവനും ശരണവുമേ സ്വസ്തി" (Salve, Regina, mater misericordiae; vita, dulcedo et spes nostra, salve = Hail, holy Queen, mother of mercy; hail our life, our sweetness, and our hope) എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ മറിയത്തെ സഭ "കരുണയുടെ മാതാവായും," "പ്രത്യാശയുടെ മാതാവായും" അഭിസംബോധന ചെയ്തുവരുന്നുണ്ട്. ഈ സംബോധനകൾ ലുത്തനീയയിലേക്കു ചേർക്കുകയാണ് മാർപാപ്പാ ചെയ്തത്.

"**കുടിയേറ്റക്കാരുടെ ആശ്വാസമേ**" (Solacium migrantium = Solace of migrants) എന്നത് ഈ കാലഘട്ടത്തിന്റെ വലിയ പ്രതിഭാസത്തിനു ചേർന്നതാണല്ലോ. മനുഷ്യർ തങ്ങളുടെ ദേശങ്ങളിൽ നിന്നും പുതിയ മേച്ചിൽ സ്ഥലങ്ങൾ അന്വേഷിച്ചു പോകുന്നു. സംസ്ഥാനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അതിർത്തികൾ ഭേദിച്ച് മനുഷ്യർ നീങ്ങികൊണ്ടിരിക്കുന്നു. അതിർത്തിവരമ്പുകളില്ലാതെ ലോകം ഒന്നായി മാറുന്ന പ്രക്രിയയുടെ ഭാഗമാണത്. ബൈബിളിൽ തന്നെയും കുടിയേറ്റത്തിന്റേതായ ചിത്രങ്ങൾ കാണാനാകും. വിശ്വാസികളുടെ പിതാവായ അബ്രഹാം തന്റെ ദേശത്തുനിന്ന് മറ്റൊരു ദേശത്തേയ്ക്ക് – ദൈവം കാണിച്ചുകൊടുത്ത ഇടത്തേയ്ക്ക്– കുടിയേറുന്നു. പിൽക്കാലത്ത് ഇസ്രായേൽക്കാർ

ഈജിപ്തിൽ അഭയാർത്ഥികളായി മാറുന്നു. എന്നാൽ ദൈവം അവരെ സ്വാതന്ത്ര്യത്തിന്റെ നാടായ, വാഗ്ദത്തഭൂമിയായ, കാനാൻ ദേശത്തേയ്ക്ക് തിരികെ കൊണ്ടുവരുന്നു. അസ്സീറിയായിലെയും ബാബിലോണിലെയും വിപ്രവാസം ദൈവജനത്തിന്റെ തുടർന്നുള്ള അനുഭവമായിരുന്നു. അങ്ങനെ വരുമ്പോൾ അഭയാർത്ഥികളാകുന്നതും, വിപ്രവാസത്തിലാകുന്നതും ഒക്കെ കുടിയേറ്റത്തിന്റെ ഭാഗങ്ങളാണ്. അതിനാൽ കുടിയേറ്റക്കാർക്കുവേണ്ടി ദൈവമാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കുന്നത് നമ്മുടെ ഈ കാലഘട്ടത്തിൽ പ്രസക്തിയുള്ള കാര്യമാണ്.
പരിശുദ്ധപിതാവിന്റെ ആഹ്വാനത്തെ നമുക്ക് സർവാത്മനാ സ്വീകരിക്കാം. കന്യകമറിയം കരുണയുടെയും പ്രത്യശയുടെയും അമ്മയാണ്. കാനായിലെ കല്യാണവിരുന്നിൽ അവൾ കരുണാപൂർവം തന്റെ പുത്രനോട് യാചിച്ചുകൊണ്ട് ആ ഭവനത്തിന് പ്രത്യാശ പകർന്നു. അവിടെ ആഘോഷവും ആനന്ദവും തിരികെ വന്നു. ഈ പ്രതിനന്ധിഘട്ടത്തിൽ ലോകത്തെ മുഴുവൻ രക്ഷയുടെ സമ്പുർണമായ അനുഭവത്തിലേയ്ക്കു നയിക്കാൻ നമുക്ക് കന്യകമറിയത്തിന്റെ മാധ്യസ്ഥ്യം തേടാം. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025



Ref: 3321/K-5/KCBC/OL/DS
9.7.2020

**കെസിബിസി**
**ജസ്റ്റീസ് പീസ് ആൻഡ്**
**ഡവലെപ്മെന്റ് കമ്മീഷൻ**
**പുറപ്പെടുവിക്കുന്ന**

# സർക്കുലർ

**കോവിഡ്–19**
**അതിജീവനമാർഗ്ഗരേഖ**

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭയുടെ സാമൂഹിക നീതിക്കും സമാധാ നത്തിനും വികസനത്തിനുമായുള്ള കമ്മീഷനിൽ നിന്നും സ്നേഹാശംസകൾ!

ഇന്നുവരെ നാം അഭിമുഖീകരിച്ചിട്ടില്ലാത്ത ഒരു മഹാവിപത്തിനെ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. കോവിഡ് 19–ന്റെ വ്യാപനം എവിടെയും വലിയ ദുരിതങ്ങളും ആശങ്കകളുമാണ് ഉളവാക്കിയിരിക്കുന്നത്. ഈ പ്രതിസന്ധിയുടെ നടുവിൽ മനസ്സിടിയാതെ ദൈവം നല്കുന്ന കാലത്തിന്റെ അടയാളങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിയാൻ നമുക്കു കഴിയണം. സ്വാർത്ഥം ഉപേക്ഷിച്ച്, മനുഷ്യൻ ആത്യന്തിക ലക്ഷ്യമായ ദൈവത്തിലേക്കും ഒപ്പം സഹോദരങ്ങളിലേക്കും പ്രകൃതിയിലേക്കും മടങ്ങണ

മെന്ന ആഹ്വാനമിവിടെ മുഴങ്ങുന്നുണ്ട്. അത് നാം ശ്രവിച്ചുകൊണ്ട് പുതിയ ജീവിതശൈലികൾ സ്വീകരിക്കേണ്ടതാവശ്യമാണ്.

ഇന്നത്തെ പ്രത്യേക പരിതോവസ്ഥയിൽ ശരിയായി ഇടപെടുകയും പഠനം നടത്തുകയും ചെയ്തുകൊണ്ടാണ് അതിജീവനത്തിനു സഹായിക്കുന്ന കർമ്മപദ്ധതികൾ കമ്മീഷൻ ആവിഷ്കരിക്കുന്നത്. നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് നാം ഉണ്ടാക്കുന്ന ആഘാതങ്ങളാണ് പലപ്പോഴും വൈറസുകളുടെ രൂപമാറ്റത്തിന് (mutation) കാരണമാകുന്നത്. ഈ ഗണത്തിൽ ഏറ്റവും പുതിയതാണല്ലോ കോവിഡ് –19 ന് കാരണമാകുന്ന കൊറോണ വൈറസ്. ഈ വൈറസ് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആരോഗ്യമേഖലയിലും സാമ്പത്തിക മേഖലകളിലും കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഏൽപ്പിക്കുന്ന ആഘാതം നാമിന്ന് നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ദൂഷ്യഫലങ്ങൾ എന്നവസാനിക്കുമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുമില്ല. നാളിതുവരെ ഇതിനെ പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും സഭയെന്ന നിലയിൽ നമ്മൾ ഉണർന്നു പ്രവർത്തിച്ചു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിൽ കോവിഡ് അതിജീവനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നത് തികച്ചും അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിൽ നമ്മുടെ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ വഹിച്ചിട്ടുള്ള പങ്ക് നിർണ്ണായകവുമാണ്. ഈ സന്ദർത്തിൽ കോവിഡ്–19 ബാധിച്ച് മരണമടഞ്ഞ എല്ലാവരെയും പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. ഈ നാളുകളിൽ ത്യാഗപൂർവ്വം സേവനനിരതരായിരിക്കുന്ന നമ്മുടെ ആരോഗ്യപ്രവർത്തകർ, ഭരണാധികാരികൾ, നിയമപാലകർ, വൈദികർ, സന്ന്യസ്തർ തുടങ്ങിയവരെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷൻ നന്ദിപൂർവ്വം ഓർക്കുന്നു.

ഏതൊരു ദുരന്തവും നമുക്കു മുന്നിൽ ചില വെല്ലുവിളികൾ അവശേഷിപ്പിക്കുന്നുണ്ട്. പുതിയ തീരുമാനങ്ങളും കർമ്മപദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കുവാനുള്ള അവസരമാണിത്. ദുരന്തമുഖത്തുള്ളവരെ അടിയന്തരമായി രക്ഷപ്പെടുത്തുക, അവർക്കാവശ്യമായ സഹായങ്ങൾ നൽകുക, പുനരധിവസിപ്പിക്കുക തുടങ്ങിയവ നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ് (Rescue, Relief and Rehabilitation).

ആവശ്യക്കാരന്റെ മുൻപിൽ മിശിഹായുടെ കണ്ണും കാതും കരങ്ങളും കാലുകളും ഹൃദയവുമായി കടന്നുചെന്ന്, അവരെ മനുഷ്യത്വപരമായി സഹായിച്ച് നമ്മുടെ ദൈവം ഇന്നും ജീവിക്കുന്ന ദൈവമാണെന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുക വിശ്വാസികളുടെ കടമയാണ്. കർത്താവ് ഇന്നു നമ്മോട് ആവശ്യപ്പെടുന്ന സുവിശേഷപ്രഘോഷണം

തന്നെയാണിത് എന്നതിൽ സംശയമില്ല.

കേരള കത്തോലിക്കാസഭ, പങ്കുവയ്ക്കുന്ന ഒരു സമൂഹമെന്ന നിലയിൽ എന്നും എവിടെയും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് പൂർവ്വാധികം തീക്ഷ്ണതയോടെ തുടരേണ്ടത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഒരു അനിവാര്യതയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും തിരികെയെത്തുന്ന നമ്മുടെ സഹോദരങ്ങളെ അനുഭാവപൂർവ്വം സ്വീകരിച്ചുകൊണ്ട് അവർക്ക് അനുകൂലമായ ജീവിതസാഹചര്യങ്ങൾ ഒരുക്കി ക്കൊടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദുരന്തങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന വർത്തമാനകാലസാഹചര്യത്തിൽ ഇവയെ ധൈര്യപൂർവ്വം അതിജീവിക്കാൻ നമ്മുടെ ജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. ഈ മേഖലകളിലെല്ലാം ഉണർന്നു പ്രവർത്തിക്കുവാൻ സഭ മുഴുവനെയും ആഹ്വാനം ചെയ്യുന്നു.

പരിസ്ഥിതി, കൃഷി, സമ്പത്ത്, വ്യക്തി–കുടുംബ –സാമൂഹികബന്ധങ്ങൾ എന്നിവയോടുള്ള സമീപനങ്ങളിൽ ഒരു ആന്തരികപരിവർത്തനത്തിന് നാം വിധേയരാകേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. ആഡംബരങ്ങളെക്കാൾ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകി വേണം നാം മുമ്പോട്ടു ചരിക്കുവാൻ. മിതത്വവും ലളിതജീവിതശൈലിയും ആഘോഷവേളകളിലും മറ്റു ജീവിതസാഹചര്യങ്ങളിലും നമ്മുടെ മുഖമുദ്രയായി മാറേണ്ടതുണ്ട്. സ്വയംപര്യാപ്തമായ കുടുംബജീവിതം, സമൂഹജീവിതം എന്നിവയായിരിക്കണം നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിൽ പ്രഥമ പരിഗണനകൾ.

കോവിഡ്-19 ഏൽപ്പിക്കുന്ന ആഘാതങ്ങളെ അതിജീവിക്കുന്നതിനായി വരുന്ന മൂന്നു വർഷത്തേക്ക് നമ്മുടെ കമ്മീഷന്റെ കീഴിലുള്ള കേരളാ സോഷ്യൽ സർവ്വീസ് ഫോറവും, 32 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും സംയുക്തമായി 'കോവിഡ് അതിജീവനം' (Surviving Covid) എന്ന ശീർഷകത്തിൽ തയ്യാറാക്കിയിരിക്കുന്ന കർമ്മപദ്ധതികൾ കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി സ്നേഹപൂർവ്വം സമർപ്പിക്കുകയാണ്. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരള സമൂഹത്തിന് ഒരു നവദർശനവും പരിരക്ഷയും പ്രദാനംചെയ്യുന്ന കർമ്മപരിപാടികളാണ് നമ്മൾ ആവിഷ്കരി ച്ചിരിക്കുന്നത്.

1. **ആരോഗ്യപരിരക്ഷ:** അനുദിനം രോഗഗ്രസ്തമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. വരുമാനത്തിന്റെ മുഖ്യപങ്കും മരുന്നിനും ചികിത്സയ്ക്കുമായിട്ടാണല്ലോ നാം ചെലവിടുന്നത്. ജീവിതശൈലീ രോഗങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് നമ്മുടെ ഇടയിലാണ്. ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ദിനംതോറും കൂടിവരുന്നു. ഈ മേഖലയിൽ പ്രധാനമായും നാലു

രീതിയിലുള്ള ഇടപെടലുകൾ പ്രയോജനപ്രദമാകുമെന്ന് സഭ ചിന്തിക്കുന്നു.

(എ) ആരോഗ്യ പരിപോഷണ പ്രവർത്തനങ്ങൾ

(ബി)രോഗപ്രതിരോധപ്രവർത്തനങ്ങൾ

(സി)സൗഖ്യദായകമായ ചികിത്സാസൗകര്യങ്ങൾ

(ഡി)ആരോഗ്യ പുനരധിവാസ പ്രവർത്തനങ്ങൾ

ഇവയുടെ ഭാഗമായി നമ്മുടെ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങളെ അതേപടി പാലിക്കുന്നതിന് ഏവരും ശ്രദ്ധിക്കുന്നതോടൊപ്പം ഓരോരുത്തരും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കേണ്ടതുമാണ്. സാമൂഹ്യസുരക്ഷാപദ്ധതികളിൽ എല്ലാ കുടുംബാംഗങ്ങളും പങ്കുകാരാകേണ്ടതുമാണ്.

2. **ഭക്ഷ്യസുരക്ഷ:** ഭക്ഷണമായിരിക്കണം നമ്മുടെ മരുന്ന്. നമുക്കനുയോജ്യമല്ലാത്ത ഭക്ഷണക്രമമാണല്ലോ പല രോഗങ്ങളും ക്ഷണിച്ചുവരുത്തുന്നത്. ഭക്ഷ്യോൽപാദനത്തിൽ ഇനിയും നാം സ്വയംപര്യാപ്തത നേടിയിട്ടില്ല. ഇനിയെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടായേ മതിയാകൂ. വിഷവിമുക്ത ഭക്ഷണശൈലി നാം അവലംബിക്കേണ്ടത് അത്യാവശ്യമാണ്. നാം എന്തു ഭക്ഷിക്കണമെന്ന് നാം തന്നെ തീരുമാനിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാവണം. പരസ്യങ്ങളുടെ പിന്നാലെ പോയി ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ സ്വീകരിക്കുന്നശൈലി വർജ്ജിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒപ്പം, രോഗപ്രതിരോധശക്തി പ്രദാനം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ കൂടുതലായി നമ്മുടെ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്താൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണകാര്യത്തിൽ ഒരു മിതത്വം നാം പാലിക്കേണ്ടതുമുണ്ട്. ഭക്ഷ്യസുരക്ഷാപ്രവർത്തനങ്ങളും ഇതോടൊപ്പം നാം ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. അങ്ങനെ ഒരു പുതിയ ഭക്ഷ്യസാക്ഷരത പിൻതുടരുവാൻ കേരളസമൂഹം കാലവിളംബം വരുത്തിക്കൂടാ.

3. **കാർഷികസംസ്കൃതി:** കൃഷിയായിരുന്നല്ലോ നമ്മുടെപ്രധാന സംസ്കാരം. നമ്മുടെ ഇളംതലമുറയെ കൃഷിയിലേക്കാകർഷിക്കുവാൻ നമുക്ക് സാധിക്കണം. കാർഷികവൃത്തിയിൽ ക്രൈസ്തവർ മുൻപന്തിയിലാണെങ്കിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ നാം പിൻപന്തിയിലാണ്. ഇവിടെയും ഒരു ക്രിയാത്മകമാറ്റം അനിവാര്യമാണ്. ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാന വർദ്ധനവിനും സഹായകരമാകുന്നു. ഏകവിള സമ്പ്രദായത്തിനു പകരം ബഹുവിളയും, സമ്മിശ്രകൃഷി രീതിയുമാണ് നാം ഏറ്റെടുക്കേണ്ടത്.

നമ്മുടെ എല്ലാ കുടുംബങ്ങളിലും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കി പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കേണ്ട താണ്. പാരമ്പര്യമായി നമുക്കുള്ള കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, വിത്തിനങ്ങൾ തുടങ്ങിയവ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സാധിക്കും. പ്രകൃതിദത്ത കൃഷിരീതിയും ജൈവകൃഷിരീതിയും ആയിരിക്കണം നാം അവലംബിക്കേണ്ടത്. അതുവഴി നമ്മുടെ ആവാസവ്യവസ്ഥയെയും മണ്ണിനെയും നമുക്ക് സംരക്ഷിക്കാനാവും. വിപണനമേഖലയിലും വിലസ്ഥിരത ഉറപ്പാ ക്കുന്ന നവസംരംഭങ്ങൾ ആരംഭിക്കേണ്ടത് ഇന്നത്തെ വലിയ ആവ ശ്യമാണ്.

4. **പരിസ്ഥിതി സംരക്ഷണം:** ഫ്രാൻസിസ് മാർപ്പാപ്പായുടെ ലൗദാതോ സി (*Laudato Si*) എന്ന ചാക്രികലേഖനം ഭൂമിയെ ഒരു പൊതു ഭവനമായിട്ടാണല്ലോ അവതരിപ്പിക്കുന്നത്. ശുദ്ധമായ വായു, വെള്ളം. മണ്ണ്, ആവാസവ്യവസ്ഥ മുതലായവയെല്ലാം സമസ്ത ജീവജാല ങ്ങളുടെയും അവകാശമാണെന്ന് മാർപാപ്പാ നമ്മെ ഉദ്ബോധി പ്പിക്കുന്നു. വലിച്ചെറിയൽ സംസ്കാരത്തിന് അറുതിവരുത്തേണ്ട തിന്റെ ആവശ്യകത മാർപാപ്പാ നമ്മെ വ്യക്തമായി ഉദ്ബോധിപ്പിക്കു ന്നുണ്ട്. എല്ലാത്തരത്തിലുമുള്ള മലിനീകരണത്തിനും നമ്മൾ അറുതി വരുത്തേണ്ടതാണ്. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയണം. ഉറവിടങ്ങളിലെ മാലിന്യസംസ്ക രണം ജീവിതശൈലിയുടെ ഭാഗമാക്കേണ്ടതാണ്. കൃഷിയിടങ്ങളിലും അല്ലാതെയുമുള്ള വനവൽക്കരണം പ്രോൽസാഹിപ്പിക്കണം. പാരമ്പ്യര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജന പ്പെടുത്താൻ ശ്രമിക്കണം. പ്രകൃതിവിഭവങ്ങളുടെ നീതിപൂർവ്വകമായ ഉപയോഗം ഉറപ്പുവരുത്താൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളോടുകൂടി നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ നാമൊരുമിച്ച് യത്നിക്കണം.

5. **സാമ്പത്തികഭദ്രത:** മറ്റേതു മേഖലയും പോലെതന്നെ കോവിഡ്–19 സാമ്പത്തികമേഖലയിലും കനത്ത പ്രഹരമാണ് ഏൽപ്പിച്ചിരി ക്കുന്നത്. മുൻഗണനാക്രമങ്ങളിൽ ആവശ്യങ്ങളെ ക്രമീകരിച്ച് മിതവ്യയം അഭ്യസിച്ച് സമ്പാദ്യശീലം വർദ്ധിപ്പിച്ചാൽ മാത്രമേ നമുക്ക് പിടിച്ചു നിൽക്കുവാനാവൂ. എല്ലാത്തരം ധൂർത്തും ആഡംബരങ്ങളും നമ്മൾ ഒഴിവാക്കാൻ ശ്രമിക്കണം. സാമ്പത്തിക അച്ചടക്കം പാലിക്കലാണ് ഈ സാക്ഷരതയുടെ മുഖ്യപ്രമേയം. സർക്കാർ ആനു കൂല്യങ്ങൾ വേണ്ടവിധം പഠിച്ചു മനസ്സിലാക്കി പ്രയോജനപ്പെടുത്തു ന്നതിൽ നാം ഇനിയും മടിച്ചുനിൽക്കരുത്. വരുമാനദായകമല്ലാത്ത എല്ലാ നിക്ഷേപങ്ങളും സാമ്പത്തിക മേഖലയിലുള്ള നമ്മുടെ

ആഘോതം വർദ്ധിപ്പിക്കുക യേയുള്ളൂ. പാവങ്ങളോട് പക്ഷം ചേർന്ന് ജീവിക്കുന്നതിനായി ജാതി, മത, വർഗ്ഗ വർണ്ണഭേദമെന്യേ പങ്കുവയ്ക്കുന്ന ജീവിതശൈലി നമുക്കവലം ബിക്കാം. അങ്ങനെ നമ്മുടെ സാമ്പത്തികമേഖലയ്ക്ക് നമ്മളാലാവും വിധം പുതുജീവൻ പകരുന്നതിന് ഇടയാകട്ടെ.

പ്രകൃതിദത്ത ദുരന്തങ്ങളെ നമുക്ക് അഭിമുഖീകരിക്കാതിരിക്കുവാൻ കഴിയില്ല. എന്നാൽ മനുഷ്യനിർമ്മിത ദുരന്തങ്ങൾക്ക് അറുതി വരുത്താൻ ഇനിയെങ്കിലും നാം ശ്രദ്ധിക്കേണ്ടതാണ്. പല ദുരന്തങ്ങളും മനുഷ്യനിർമ്മിതമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അതുകൊണ്ടുതന്നെ നമ്മുടെ സമൂഹത്തെ ശരിയായി ബോധവൽക്കരിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും നാം സജ്ജമാക്കേണ്ടിയിരിക്കുന്നു.

കേരള കത്തോലിക്കാസഭയുടെ സമൂഹികനീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷൻ ഈ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം തന്നെ കൂടുതൽ പഠനവിശകലനത്തിനു വിധേയമാക്കി അനുയോജ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ച് നമ്മുടെ പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യനെയും സംരക്ഷിക്കേണ്ടതിന് ഏവരെയും ദൈവനാമത്തിൽ ആഹ്വാനം ചെയ്യുന്നു. ഏവർക്കും ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സമൃദ്ധമായി ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് മാർ ജോസ് പുളിക്കൽ**
ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ബിഷപ്പ് തോമസ് മാർ എവുസേബിയൂസ്**
വൈസ് ചെയർമാൻ,കെസിബിസി ജെ.പി.ഡി. കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

Prot. No. 0694/2020

# പാലയൂർ
# മേജർ ആർക്കി എപ്പിസ്കോപ്പൽ
# തീർത്ഥാടനകേന്ദ്രം ഡിക്രി

സീറോമലബാർസഭയിലെ ചരിത്രപരമായി പ്രാധാന്യമുള്ളതും ഈ കൽപ്പനയ്ക്ക് അനുബന്ധമായി നൽകിയിരിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കുന്നതുമായ പ്രധാനപ്പെട്ട ദൈവാലയങ്ങൾക്കും തീർത്ഥാടന കേന്ദ്രങ്ങൾക്കും *മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്രം* എന്ന പദവി നൽകുവാൻ 2018 ജനുവരി മാസം 8 മുതൽ 13 വരെയുള്ള തീയതികളിൽ സീറോമലബാർസഭയിലെ മെത്രാന്മാരുടെ ഇരുപത്തിയാറാമത് സിനഡിന്റെ ഒന്നാം സമ്മേളനം കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലും,

2019 ആഗസ്റ്റ് മാസം 04-ാം തീയതി തൃശൂർ അതിരൂപതയിലെ പാലയൂർ സെന്റ് തോമസ് ഫൊറോന ഇടവകയിൽ നിയമാനുസൃതം ചേർന്ന പൊതുയോഗ തീരുമാനപ്രകാരം പള്ളി വികാരി പ്രസ്തുത ദൈവാലയത്തിന് *മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം* എന്ന പദവി ലഭിക്കുന്നതിനുവേണ്ടി നൽകിയ രേഖാമൂലമുള്ള അഭ്യർത്ഥനയും തൃശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രസ്തുത പള്ളി വികാരിയുടെ അഭ്യർത്ഥനയെ പിന്തുണച്ചു നൽകിയ ശുപാർശയും പരിഗണിച്ചും,

പാലയൂർ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിന് *മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം* എന്ന പദവി ലഭിക്കുന്നതിന് ആവശ്യമായ എല്ലാ യോഗ്യതകളും ഉണ്ട് എന്ന് നിർണയിച്ചതിന്റെയും പ്രസ്തുത പദവി നൽകപ്പെടുന്ന ദൈവാലയങ്ങൾക്കും തീർത്ഥാടന കേന്ദ്രങ്ങൾക്കുമായി സീറോമലബാർസഭയുടെ മെത്രാൻ സിനഡ് അംഗീകരിച്ചു നൽകിയിരിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലയൂർ ഇടവക അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിലും,

പ്രസ്തുത ദൈവാലയത്തിന് *മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം* എന്ന പദവി നൽകുവാൻ 2020 ജനുവരി മാസം 10

മുതൽ 15 വരെയുള്ള തീയതികളിൽ കൂടിയ സീറോ മലബാർ മെത്രാന്മാരുടെ ഇരുപത്തിയെട്ടാമത് സിനഡിന്റെ ഒന്നാം സമ്മേളനം കൈക്കൊണ്ട തീരുമാനം അംഗീകരിച്ചുകൊണ്ടും, ഞാൻ,

**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി,**

**തൃശൂർ അതിരൂപതയിലെ പാലയൂർ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിന്**

**മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം**

എന്ന പദവി 2020 ജൂലൈ മാസം 03-ാം തീയതി മുതൽ ഇതിനാൽ കൽപ്പിച്ചു നൽകുന്നു. ഈ കല്പനയാൽ ഇത്തരം ദൈവാലയങ്ങൾക്കു നിയമം നൽകുന്ന എല്ലാ അവകാശാധികാരങ്ങളും കടമകളും ഈ ദൈവാലയത്തിനു കൈവരുന്നതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലെ സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജൂൺ മാസം 30-ാം തീയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ ജോർജ് മാർ ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്

**ഫാ. വിൻസെന്റ് ചെറുത്തൂർ**
മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ

# കച്ചേരി
## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ആഗസ്റ്റ് 2020

| | | |
|---|---|---|
| ആഗസ്റ്റ് | 1 : | പതിനഞ്ചു നോമ്പാരംഭം<br>വി. അൽഫോൻസ് ലിഗോരി |
| | 2 : | **കൈത്താ മൂന്നാം ഞായർ** |
| | 4 : | വി. ജോൺ മരിയ വിയാനി |
| | 4 : | **കൈത്താ രണ്ടാം ഞായർ** |
| | 6 : | ന. കർത്താവിന്റെ രൂപാന്തരീകരണം |
| | 7 : | ആദ്യവെള്ളി |
| | 8 : | വി. ഡൊമിനിക് |
| | 9 : | **കൈത്താ നാലാം ഞായർ** |
| | 11 : | വി. ക്ലാര |
| | 14 : | വി. മാക്സ് മില്യൻ കോൾബേ |
| | 15 : | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം<br>ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| | 16 : | **കൈത്താ അഞ്ചാം ഞായർ** |
| | 21 : | വി. ശ്മോനിയും ഏഴുമക്കളും<br>വി. പത്താം പിയൂസ് മാർപാപ്പ |
| | 23 : | **കൈത്താ ആറാം ഞായർ** |
| | 24 : | വി. ബർത്തലോമിയോ ശ്ലീഹാ |
| | 28 : | വി. അഗസ്റ്റിൻ<br>വി. ശെമയോൻ ബർസബായും<br>സഹരക്തസാക്ഷികളും |
| | 29 : | വി. എവുപ്രാസ്യാ |
| | 30 : | **കൈത്താ ഏഴാം ഞായർ** |

**2. വിയാനി ഡേ**

വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4ന് ആഘോഷിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.



അന്നേദിവസം വി. കുർബാന മദ്ധ്യേ എല്ലാ വൈദികർക്കും വേണ്ടി പ്രാർത്ഥിക്കുമല്ലോ.

**3. വൈദികരുടെ നിയമനം:**

1. ഫാ. ആന്റണി തെക്കിനിയത്ത് VC – വികാരി കിഴക്കാളൂർ, കപ്ലോൻ ചൂണ്ടൽ സി. എം. സി. മഠങ്ങൾ ഒഴിവായി; സാധുത 2020 ജൂൺ 15 മുതൽ.
2. ഫാ. പീറ്റർ മുട്ടത്തോട്ടിൽ VC – വികാരി കിഴക്കാളൂർ, കപ്ലോൻ ചൂണ്ടൽ സി. എം. സി. മഠങ്ങൾ; സാധുത 2020 ജൂൺ 15 മുതൽ.
3. ഫാ. ജിസോ കുറ്റിക്കാട്ട് – നോട്ടറി എൻക്വയറി കമ്മീഷൻ, ദൈവദാസൻ ഫാ. ആന്റണി തച്ചുപറമ്പിൽ കൂടി; സാധുത 2020 ജൂൺ 24 മുതൽ.
4. ഫാ. ക്രിസ്റ്റീൻ ചിറമ്മൽ – പഠനാവധി, സഹവികാരി പാവറട്ടി ഒഴിവായി; സാധുത 2020 ജൂൺ 30 മുതൽ.
5. ഫാ. റെനാൾഡ് പുലിക്കോടൻ – സഹവികാരി പാവറട്ടി; സാധുത 2020 ജൂൺ 30 മുതൽ.
6. ഫാ. സഞ്ജയ് തൈക്കാട്ടിൽ – പഠനാവധി, സഹവികാരി പെരിഞ്ചേരി ഒഴിവായി; സാധുത 2020 ജൂലൈ 8 മുതൽ

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്







## നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

പ.അമ്മയുടെ സ്വർഗ്ഗാരോപണത്തിരുന്നാളിന് നാം ഒരുങ്ങുമ്പോൾ ബ.തച്ചുപറമ്പിലച്ചൻ പ.അമ്മയെപ്പറ്റി നല്കുന്ന ചില ചിന്തകൾ മനസ്സിൽ സൂക്ഷിക്കാം. ദൈവത്തിന്റെ ചിന്തയിലും ആലോചനയിലും മറിയം നിത്യതയിൽ തന്നെ നിശ്ചയിക്കപ്പെട്ടു എന്നാണ് അച്ചൻ പറയുക. ‘‘കൃപയ്ക്കും മഹത്വത്തിനും മാത്രമല്ല ദൈവമാതാവ് എന്ന യോഗ്യതക്കും അനാദി മുതലെ ദൈവം അവളെ തിരഞ്ഞെടുത്തു.” മറിയവും അവളുടെ പുത്രനും സർവ്വ സൃഷ്ടിയിലും വച്ച് ഏറ്റം മനോഹര അസ്തിത്വങ്ങളണ്. പ്രവചനങ്ങളുടെ പൂർത്തീകരണമായതിനാൽ പഴയനിയമവുമായി അവൾ ബന്ധപ്പെട്ടിരിക്കുന്നു.

ഹവ്വാ, സാറാ, റാഹേൽ, ജൂഡിത്, എസ്തേർ എന്നിവർ മറിയത്തിന്റെ പഴയനിയമത്തിലെ പ്രതീകങ്ങളാണ്. മറിയത്തിന്റെ സുകൃതങ്ങൾ ഇവർ തങ്ങളുടെ ജീവിതത്തിൽ മുൻകൂട്ടി കാണിക്കുന്നു. ഈ സ്ത്രീകൾ ക്രിസ്തുവിന്റെ രാജ്യത്തിൽ മറിയത്തിന്റെ സ്ഥാനത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു.

നാമകരണ രേഖകൾ റോമിലേയ്ക്ക് അയ്ക്കുന്നതിന്റെ ഭാഗമായി ദൈവദാസനെപ്പറ്റി സാക്ഷ്യങ്ങൾ നല്കിയവരുടെ മൊഴികളുടെ വിശദമായ പരിശോധന പൂർത്തിയായി. അതിന്റെ ഇംഗ്ലീഷ് പരിഭാഷയും തയ്യാറായിട്ടുണ്ട്. നാമകരണ നടപടികളുടെ നോട്ടറിയായി ഫാ. ജിസോ കുറ്റിക്കാട്ട് നിയമിതനായി.



## നാമകരണനടപടികൾ

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

സമൂഹജീവിതത്തിന്റെ പ്രാഥമികകോശമായ കുടുംബങ്ങളുടെ നവീകരണത്തെക്കുറിച്ച് ദീർഘവീക്ഷണമുള്ള വ്യക്തിയായിരുന്നു ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. അതിനാൽ ഇടവക ചുമതല ഏറ്റെടുത്ത ഉടനെ കുടുംബസന്ദർശനമെന്ന മാർഗ്ഗത്തിലൂടെ നവീകരണപരിപാടികൾ ആരംഭിച്ചു. ഊക്കനച്ചൻ പറയുന്നു: “ഇടയൻ ഓരോ കുടുംബത്തെയും സന്ദർശിക്കുകയും ആവശ്യക്കാർക്ക് മുൻഗണന കൊടുക്കുകയും വേണം.” ഈ മാർഗ്ഗം ഉപയോഗിച്ച് അക്കാലത്ത് കുടുംബങ്ങൾ അനുഭവിച്ചിരുന്ന അടിമത്തം, നിരക്ഷരത, അജ്ഞത, അന്ധവിശ്വാസങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, സമാനമായ മറ്റു തിന്മകൾ എന്നിവ കണ്ടെത്തുവാനും അവക്കെതിരെ വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെയും, തൊഴിൽ ശാലകൾ നിർമ്മിച്ച് തന്റെ ജനങ്ങൾക്ക് തൊഴിൽ നൽകുന്നതിലൂടെയും, കുടുംബങ്ങളിൽ സമാധാനം സൃഷ്ടിക്കുവാനും, അവരുടെ ജീവിതനിലവാരം ഉയർത്തുവാനും അദ്ദേഹത്തിന് കഴിഞ്ഞു. കുടുംബങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചാൽ തന്നെ ശ്രവിക്കുവാൻ ദൈവം അവരെ ഒരുക്കും എന്ന ഉറപ്പ് ഊക്കനച്ചനുണ്ടായിരുന്നു. അതിനാലാണ് കുടുംബതർക്കങ്ങൾ പരിഹരിക്കുന്നതിൽ അവസാനവാക്ക് അദ്ദേഹത്തിന്റേതായി മാറിയത്.

വ്യക്തികളെ സന്ദർശിച്ച് കുടുംബജീവിതത്തിന്റെ മൂല്യങ്ങൾ പറഞ്ഞുകൊടുക്കുന്നതിന് അദ്ദേഹം തയ്യാറെടുത്തത് ഇപ്രകാരമായിരുന്നു: “എന്റെ സഹോദരങ്ങളെ കൂടുതൽ നല്ലവരാക്കുന്നതിനോ, അവരുടെ തെറ്റുകൾ തിരുത്തുന്നതിനോ ആയി സ്നേഹത്തോടും ബഹുമാനത്തോടും കൂടി വാക്കുകൾ ഉപയോഗിക്കണം.” ജനങ്ങളെ ബഹുമാനി

ക്കുകയെന്നത്  ഊക്കനച്ചന്റെ ആപ്തവാക്യവും ആയിരുന്നു. കുടുംബ ജീവിതവനവീകരണത്തിന് ഫ്രാൻസിസ് മാർപാപ്പ നൽകിയ 'ദയവായി', 'നന്ദി', 'ക്ഷമിക്കണം' എന്നീ മൂന്ന് വാക്കുകൾ ഇത്തരുണത്തിൽ ഓർക്കുന്നത് നല്ലതാണ്.

യാതൊന്നും ചോദിക്കാതെയും അഭ്യർത്ഥിക്കാതെയും തന്നെ നമുക്ക് വേണ്ടി മാധ്യസ്ഥം വഹിക്കുന്ന പരിശുദ്ധകന്യകാമറിയത്തെയാണ് കുടുംബനവീകരണയത്നത്തിൽ ഊക്കനച്ചൻ മാതൃകയാക്കിയത്. ഞാനും അമ്മയെപോലെ ആകണം. "നമുക്കു ചുറ്റും നാം അറിയാത്തവരായി ആരും ഉണ്ടാവരുത്"എന്ന ഊക്കനച്ചന്റെ ഉപദേശം ഈ അസാധാരണ കാലഘട്ടത്തിൽ നമുക്കും സ്വീകരിക്കാം. മഹാമാരിയുടെ അന്ധകാരത്തിലകപ്പെട്ട് നിരാശയുടെ പടുകുഴിയിലാണ്ടുപോയ കുടുംബങ്ങളിൽ പ്രത്യാശയുടെ പ്രകാശം, പ്രാർത്ഥന വഴിയും സഹായം വഴിയും നമുക്ക് തെളിയിക്കാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# നാളാഗമം

## ജൂൺ 2020

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കാഞ്ഞാണി എസ്.എൽ.എം. ഐ. സിസ്റ്റേഴ്സിന്റെ അന്ന മരിയ കോൺവെന്റ് വെഞ്ചിരിച്ചു. മേരി മാത മേജർ സെമിനാരിയിൽ അദ്ധ്യായന വർഷാരംഭ ദിവ്യബലി യർപ്പിച്ചു. ഉച്ചതിരിഞ്ഞ് കത്തോലിക്ക കോൺഗ്രസിന്റെ ജൂബിലി മിഷൻ ആശുപത്രിയിലേക്കുള്ള മാസ്ക് വിതരണത്തിൽ പങ്കെടുത്തു.
2. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കാച്ചേരി മൈനർ സെമിനാരി യിൽ വെച്ച് നടന്ന വൈദികവസ്ത്ര സ്വീകരണത്തിൽ മുഖ്യകാർമ്മി കത്വം വഹിച്ചു.
5. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ലോക പരിസ്ഥിതി ദിനത്തിൽ സി.എൽ.സി. സംഘടനയുടെയും കുടുംബ കൂട്ടായ്മ കേന്ദ്രസമിതി യുടേയും മരം നടൽ പദ്ധതി ഉദ്ഘാടനം ചെയ്തു. അതിരൂപത സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ജൈവ പച്ചക്കറി ചന്തയുടെ ഉദ്ഘാ ടനം നിർവഹിച്ചു.
6. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മണ്ണുത്തി സി.എസ്.എസ് സിസ്റ്റേഴ്സിന്റെ സഭാ വസ്ത്ര സ്വീകരണത്തിലും പ്രഥമ വ്രത വാഗ്ദാനത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് മനക്കൊ

ടിയിൽ അതിരൂപത സാന്ത്വനത്തിന്റെ കീഴിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

8. അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് കാക്കനാട് മൗണ്ട് സെന്റ് തോമാസിൽ വെച്ച് നടന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഈ വർഷം സെമിനാരിയിൽ ചേരുന്നതിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ കണ്ട് സംസാരിച്ചു.

10. അഭിവന്ദ്യ ടോണി പിതാവ് മലയാറ്റൂർ ഇടവകയിൽ വച്ച് ഡീ. സിജു കൊല്ലംകുടിക്ക് (ഹോളി ക്രോസ് സന്യാസസമൂഹം) തിരുപ്പട്ടം നൽകി.

13. അഭിവന്ദ്യ ടോണി പിതാവ് സി.എം.സി. സന്യാസിനികൾക്ക് സഭാവസ്ത്രം നൽകുകയും തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

14. അഭിവന്ദ്യപിതാക്കന്മാർ മൂറോൻ തൈലത്തിന്റെ ആശീർവാദം നിർവഹിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെയും ഉച്ചകഴിഞ്ഞും ഫൊറോന വൈദികരുടെ വെബ് കോൺഫ്രൻസിൽ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെയും ഉച്ചകഴിഞ്ഞും ഫൊറോന വൈദികരുടെ വെബ് കോൺഫ്രൻസിൽ പങ്കെടുത്തു.

18. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ പാലക്കാട് സഹായ മെത്രാൻ പീറ്റർ കൊച്ചുപുരക്കൽ പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുക്കുകയും അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് വചന സന്ദേശം നൽകുകയും ചെയ്തു.

19. അഭിവന്ദ്യ പിതാക്കന്മാർ രാവിലെയും ഉച്ചകഴിഞ്ഞും ഫൊറോന വൈദികരുടെ വെബ് കോൺഫ്രൻസിൽ പങ്കെടുത്തു.

20. അഭിവന്ദ്യ പിതാക്കന്മാർ അതിരൂപത കുടുംബ കൂട്ടായ്മയുടെ പച്ചക്കറി വിത്ത് വിതരണം ഉദ്ഘാടനം നടത്തി. ഉച്ചതിരിഞ്ഞ് ഒളരിക്കരയിൽ സി. ബീന സി.എച്ച്.എഫ്ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ അഭിവന്ദ്യ താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു.

22. അഭിവന്ദ്യ പിതാക്കന്മാർ രാവിലെയും ഉച്ചകഴിഞ്ഞും ഫൊറോന വൈദികരുടെ വെബ് കോൺഫ്രൻസിൽ പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്വാമല സെന്റ് പോൾ ഗുരുകുലം സന്ദർശിച്ച് വി. ബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് പാവറട്ടി ഇടവകയിൽ ബ്രദർ റിയോ ഒലക്കേങ്കിലിന്റെ മൃതസംസ്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

27. അഭിവന്ദ്യ ടോണി പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ മാന്ദാമംഗലം ഇടവകാതിർത്തിയിൽ നിർമ്മിച്ച ഭവനങ്ങളുടെ ആശീർവാദകർമ്മം നിർവഹിച്ചു.




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നശ്ശേരി | 07 |
| ഫാ. സിന്റോ കാരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. ചാക്കോ ചെറുവത്തൂർ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 16 |
| ഫാ. ജോസ് വല്ലൂരാൻ | 17 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജേക്കബ് ചെറയത്ത് | 22 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. അൻവിൻ ചിറ്റിലപ്പിള്ളി | 23 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജോസ് കോനിക്കര ജൂനിയർ | 25 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. റോയ് വടക്കൻ | 26 |
| ഫാ. ഡിക്സൺ കൊളമ്പ്രത്ത് | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 28 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |
| ഫാ. സന്തോഷ് അന്തിക്കാട്ട് | 31 |

## നാമഹേതുകതിരുനാൾ

| | | | |
|---|---|---|---|
| ഫാ. സെബി വെളിയൻ | 04 | ഫാ. ബർണാർഡ് തട്ടിൽ | 20 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 | ഫാ. ഡേവിസ് ചിറമ്മൽ സീനിയർ | 21 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 | ഫാ. അഗസ്റ്റിൻ മംഗലം | 28 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 | ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. ജിബി വാഴപ്പിള്ളി | 10 | ഫാ. അനുവിൻ താണിക്കൽ | 29 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 | ഫാ. ജോൺസൻ ഊക്കൻ | 29 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പൗലോസ് എടശ്ശേരി | 26–08–1891 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17–08–1903 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15–08–1917 |
| മോൺ. ജോൺ പാലോക്കാരൻ | 19–08–1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15–08–1950 |
| ഫാ. ജോസ് പറമ്പൻ സീനിയർ | 17–08–1954 |
| ഫാ. ജേക്കബ് പനക്കൽ | 04–08–1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07–08–1955 |
| ഫാ. ജോർജ്ജ് പാനികുളം | 14–08–1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21–08–1961 |
| ഫാ. ജോൺ ചിറമ്മൽ സീനിയർ | 03–08–1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ സീനിയർ | 27–08–1968 |
| ഫാ. ജോസഫ് തറയിൽ | 11–08–1969 |
| ഫാ. ജേക്കബ് ആളൂർ | 11–08–1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25–08–1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26–08–1978 |
| ഫാ. ജോസഫ് പുളിക്കൻ | 09–08–1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12–08–1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30–08–1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08–08–2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13–08–2005 |
| ഫാ. പോൾ അരിക്കാട്ട് | 16–08–2005 |
| ഫാ. ആന്റണി പൊറത്തൂർ | 04–08–2007 |
| ഫാ. ബാബു ചേലപ്പാടൻ | 12–08–2017 |



# ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ – മെയ് 2020**

1. **സി.എം.സി.**
ലോക പരിസ്ഥിതി ദിനത്തിൽ പുതിയ വൃക്ഷതൈകൾ നട്ടുകൊണ്ട് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഈ ദിനം അനുസ്മരിച്ചു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ പരി. ത്രിത്വത്തിന്റെ തിരുനാളായ 7ന് പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തികൊണ്ട് ലോക മെമ്പാടും കോവിഡ് മൂലം കഷ്ടപ്പെടുന്ന ജനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിച്ചു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 10 ന് 8 അർത്ഥിനികൾ candidacy യിലേക്ക് പ്രവേശിച്ചു. 13 ന് 6 നോവിസസ്സ് ചേറൂർ വിമലാ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലി മദ്ധ്യേ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തി. 16 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ ജൂനിയേഴ്സ് കോഴ്സിൽ ഫാ. സിജോ തയ്യാലക്കൽ സി.എം.ഐ. ക്ലാസുകൾക്ക് നേതൃത്വം നല്കി. 32 ജൂനിയേഴ്സ് ഇതിൽ പങ്കെടുത്തു.

2. **എഫ്.സി.സി.**
ഗുരുവായൂർ ലിസ്യു കോൺവെന്റിൽ വെച്ചും, വെണ്ടോർ സെന്റ് മേരീസ് കോൺവെന്റിൽ വെച്ചും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരിക്ക് ലോകസഭാ മെമ്പർ ടി. എൻ. പ്രതാപൻ വിത്ത് നൽകി. ഗുരുവായൂർ മുൻസിപ്പാലിറ്റി എംപീസ് ഹരിതത്തിന്റെയും അളഗപ്പനഗർ മേഖല എംപീസ് ഹരിതത്തിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു. ജൂൺ 03–ാം തീയതി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും പരിഹാരദിനമായി ആചരിച്ചു. തിരൂർ സിയോൺ റിന്യു

വൽ സെന്ററിൽ വെച്ച് ഫാ. ജോ പാച്ചേരി സി.എം.ഐ. നടത്തിയ ദൈവവിളിധ്യാനത്തിലും പ്രൊവിൻഷ്യൽ വൊക്കേഷൻ ടീമിന്റെ നേതൃത്വത്തിൽ നടത്തിയ ദൈവവിളി ക്യാമ്പിലും 27 കുട്ടികൾ സംബന്ധിച്ചു. കുട്ടംകുളം ആബാ എഫ്.സി. കോൺവെന്റിൽ ആരംഭിച്ച Come & See പ്രോഗ്രാമിൽ 7 അർത്ഥിനികൾ പ്രവേശിച്ചു. മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വച്ച് സി. ജോസിയ(IJK)യുടെ നേതൃത്വത്തിൽ പോസ്റ്റുലൻസിനായി ഗ്രൂപ്പ് തെറാപ്പി നടത്തി. മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വെച്ച് സി. മേരി ഇലക്ടറ്റയുടെ നേതൃത്വത്തിൽ അർത്ഥിനികൾക്കായി നടത്തിയ കാരിസം ധ്യാനത്തിൽ 25 പേർ പങ്കെടുത്തു. ജൂൺ 27 മുതൽ ജൂലായ് 1 വരെ പടവരാട് സെന്റ് ട്രീസാസ്, പടവരാട് പാവനാത്മ എന്നീ കോൺവെന്റുകളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി കാനോനികസന്ദർശനം നടത്തി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പ്രൊവിൻഷ്യൽ ഫൈനാൻസ് ഓഫീസർ സി. ഗ്രാസിയ ജോണിന്റെ നേതൃത്വത്തിൽ, ഓഡിറ്റ് കഴിഞ്ഞതിന്റെ വെളിച്ചത്തിൽ, കാലകാലങ്ങളിൽ മാറി വരുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് സാമ്പത്തിക മേഖലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അറിയിക്കുന്നതിനായി ലോക്കൽ ട്രഷറർമാർക്കായി നടത്തിയ ഗൂഗിൾ മീറ്റിൽ ഏവരും അതാതു ഭവനങ്ങളിലായിരുന്നുകൊണ്ട് സംബന്ധിച്ചു.

**3. സി.എസ്.എം.**

കോവിഡ് – 19 പ്രതിരോധത്തിന്റെ ഭാഗമായി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും 50 മണിക്കൂർ ആരാധന നടത്തി. തൃശ്ശൂർ അതിരൂപതയിലെ സ്നേഹപുരം ഇടവകയിലെ കുടുംബങ്ങൾക്ക് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജിയോ മരിയയുടെ നേതൃത്വത്തിൽ 50 ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു. അതിരൂപതാ കെസിവൈഎം ന്റെ നേതൃത്വത്തിൽ നിർമ്മിച്ച് കൊടുക്കുന്ന മാസ്ക്കിന്റെ കട്ടിംങ്ങ് ലൂർദ്ദ് നാഥ പ്രസ്സിൽ വച്ച് ചെയ്ത് കൊടുക്കുകയും ഏകദേശം 2000 മാസ്ക്ക് സിസ്റ്റേഴ്സ് തയ്യിച്ച് കൊടുക്കുകയും ചെയ്തു. ലോക്ക് ഡൗണിന്റെ ഭാഗമായി ലൂർദ്ദ് കത്തീഡ്രലിലും ഡിബിസിഎൽസിയിലും അർപ്പിക്കുന്ന ദിവ്യബലികളിൽ സിസ്റ്റേഴ്സ് പങ്കെടുക്കുകയും ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി വരികയും ചെയ്യുന്നു. ജറുസലേം ധ്യാന സെന്ററിൽ നിന്ന് ഡേവീസ് പട്ടത്തച്ചന്റെ നേതൃത്വത്തിൽ സമർപ്പിതർക്ക് വേണ്ടി ഓൺലൈനിലൂടെ നടത്തിയ ഒരാഴ്ച്ചത്തെ ധ്യാനത്തിൽ പ്രോവിൻസിലെ എല്ലാ

സിസ്റ്റേഴ്സും പങ്കെടുത്തു. കോവിഡ് – 19 പ്രതിരോധ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരെ ദൈവസന്നിധിയിൽ സമർപ്പിച്ച് – സർവ്വശക്തന്റെ തണലിൽ എന്ന സങ്കീർത്താനാലപത്തിന്റേയും, കവിത –തളരാത്ത കൂട്ടിന്റേയും വീഡിയോ ലൂർദ്ദ് നാഥ പ്രോവിൻസിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു. വിവിധ തരം മത്സരങ്ങൾ സിസ്റ്റേഴ്സിനായി സംഘടിപ്പിക്കുകയും വിജയികളെ കണ്ടെത്തുകയും ചെയ്തു. മൂവാററുപുഴ ലിസ്യു സെന്ററിൽ നിന്ന് 3 മാസത്തെ സ്പിരിച്ചാലിറ്റി കോഴ്സ് കഴിഞ്ഞ് സിസ്റ്റേഴ്സ് ് തിരിച്ചെത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജിയോ മരിയയുടെ നാമഹേതുക തിരുന്നാളിൽ പ്രൊവിൻഷ്യൽ ഹൗസ് കപ്ലോൻ ജോസ് വട്ടകുഴി അച്ചൻ ദിവ്യബലി അർപ്പിക്കുകയും ലളിതമായി ആഘോഷിക്കുകയും ചെയ്തു. 09/05/2020 ന് പ്രോവിൻസിലെ 11 ജൂനിയർ സിസ്ററേഴ്സ് വ്രതവാഗ്ദാനം ചെയ്തു. യാക്കര, പഴയന്നൂർ, അഞ്ചേരി എന്നിവിടങ്ങളിലെ കോൺവെന്റുകളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജിയോ മരിയ കാനോനിക വിസിററ് നടത്തി. 18 ന് സ്ഥലമാററത്തോടനുബന്ധിച്ച് സിസ്ററേഴ്സ് അവരവരുടെ പുതിയ സ്ഥലങ്ങളിലേക്ക് എത്തിചേർന്നു.

## ആദരാഞ്ജലികൾ



**17.06.2020 – എഫ്. സി. സി.** തൃശൂർ എം.ഐ. ഭവനാംഗമായ സി. ഓൾഗ നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ പിറ്റേദിവസം ഉച്ചതിരിഞ്ഞ് 3 മണിക്ക് വെങ്ങിണിശ്ശേരി പി.എച്ച്. കോൺവെന്റിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കാരകർമ്മം നടത്തി.



**20.06.2020 – സി.എച്ച്.എഫ്.** നവജ്യോതി പ്രൊവിൻസിലെ ഒളരിക്കര ഹോളി ഫാമിലി ഭവനാംഗമായ സി. ബീന നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒളരിക്കര ഹോളി ഫാമിലി കല്ലറയിൽ സംസ്ക്കാരകർമ്മം നടത്തി.

**സി. റോസ് അനിത FCC**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം

1. **മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം**

   പാലയൂർ മാർ തോമ തീർത്ഥകേന്ദ്രത്തെ സീറോ മലബാർ സഭയുടെ ഔദ്യോഗിക തീർത്ഥകേന്ദ്ര പദവിയായ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തിയതിന്റെ ഒദ്യോഗിക പ്രഖ്യാപനം മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഓൺലൈനിൽ കാക്കനാട് മൗണ്ട് സെന്റ് തോമാസിലെ സീറോ മലബാർ സഭാ ആസ്ഥാനത്തു നിന്നും നിർവ്വഹിച്ചു. ദുക്റാന തിരുനാളിൽ തീർത്ഥകേന്ദ്രത്തിൽ തുടർന്നു നടന്ന തിരുകർമ്മങ്ങൾക്ക് അതിരൂപത ആർച്ച്ബിഷപ്പ് മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. മാർ തോമ ശ്ലീഹായാൽ സ്ഥാപിതമായ ഏഴര പള്ളികളിൽ സഭയുടെ മുഖ്യ തീർത്ഥകേന്ദ്രമെന്ന നിലയിൽ ഉയർത്തപ്പെട്ട ഏക ദേവാലയമാണ് പാലയൂരെന്നും സഭാ കൂട്ടായ്മയുടെ സ്ഥലമായും കാരുണ്യത്തിന്റെ വനമായും തീർത്ഥകേന്ദ്രങ്ങൾ മാറണമെന്നും മാർ താഴത്ത് അഭിപ്രായപ്പെട്ടു. അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ, വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ, ആർച്ച് പ്രീസ്റ്റ് വർഗീസ് കരിപ്പേരി എന്നിവർ സഹകാർമ്മികരായി. തീർത്ഥകേന്ദ്രത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്താനുള്ള സീറോ മലബാർ






സഭാ സിനഡിന്റെ ഡിക്രിയും റെക്ടർ ഫാ വർഗീസ് കരിപ്പേരിയെ ആർച്ച് പ്രീസ്റ്റ് ആക്കി കൊണ്ടുള്ള ഡിക്രിയും സീറോ മലബാർ ചാൻസലർ ഫാ. വിൻസെന്റ് ചെറുവത്തൂർ അവതരിപ്പിച്ചു. ഇതു സംബന്ധിച്ച രേഖകൾ സഭാ ചാൻസലർ, സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിനു കൈമാറി. ഇനി മുതൽ ദേവാലയ വികാരി ആർച്ച് പ്രീസ്റ്റ് എന്ന് ഔദ്യോഗികമായി അറിയപ്പെടുക. അതിരൂപതയിലെ ആദ്യ ആർച്ച് പ്രീസ്റ്റായി ഫാ. വർഗീസ് കരിപ്പേരി ഇതോടെ നിയമിതനായി.

തീർത്ഥ കേന്ദ്രത്തെ ഉയർത്തി കൊണ്ടുവരുന്നതിൽ പ്രധാന പങ്കു വഹിച്ച ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജെയ്ക്കബ് തൂങ്കുഴിയുടെ സന്ദേശം തീർത്ഥകേന്ദ്രം സെക്രട്ടറി ശ്രീ സി.കെ. ജോസ് വായിച്ചു. തൃശൂർ അതിരൂപതക്കു വേണ്ടി തയ്യാറാക്കിയ പുതിയ കുർബ്ബാന സംഗീതത്തിന്റെ സി. ഡി. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ബിഷപ് മാർ ടോണി നീലങ്കാവിൽ എന്നിവർ ചേർന്ന് പ്രകാശനം ചെയ്തു.

മേജർ ആർക്കി എപ്പിസ്കോപ്പൽ പ്രഖ്യാപനങ്ങളോടനുബന്ധിച്ച് നവീകരിച്ച ദേവാലയത്തിന്റെ വെഞ്ചിരിപ്പു കർമ്മം ദിവ്യബലിക്കു മുൻപ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. എ. ഡി. 52 ൽ ക്രിസ്തു ശിഷ്യൻ മാർ തോമ ശ്ലീഹായാൽ സ്ഥാപിതമായതും സ്ഥാനം മാറാതെ നിലകൊള്ളുന്നതും നിരവധി ചരിത്രസ്മാരകങ്ങൾ ഉള്ളതുമായ പാലയൂർ പള്ളി 1972 ൽ തീർത്ഥകേന്ദ്രമായും 2000 ൽ അതിരൂപത തീർത്ഥകേന്ദ്രമായും 2020 ജനുവരിയിൽ നടന്ന സീറോ മലബാർ ബിഷപ്പ് സിനഡ് തീരുമാനപ്രകാരം മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്കും ഉയർത്തപ്പെട്ടു. ദുക്റാന തിരുനാൾ ദിനത്തിൽ തീർത്ഥകേന്ദ്രത്തിലെ പ്രധാന തിരുനാളായ തർപ്പണ തിരുനാളിന് കൊടികയറി. അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് കൊടി കയറ്റൽ കർമ്മം നിർവ്വഹിച്ചു. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ, ആർച്ച് പ്രീസ്റ്റ് ഫാ. വർഗീസ് കരിപ്പേരി, അസി. വികാരി ഫാ. അനു ചാലിൽ എന്നിവർ സഹകാർമ്മികരായി.

മാധ്യമങ്ങളിലൂടെ പ്രത്യേകിച്ച് മീഡിയ കത്തോലിക്കായിലൂടെയും ഷെക്കയ്ന ടെലിവിഷനിലൂടെയും തത്സമയം സംപ്രേക്ഷണം ചെയ്തതു കൊണ്ട് വിശ്വാസികൾക്ക് വനങ്ങളിലിരുന്ന് തിരുകർമ്മങ്ങളിൽ സംബന്ധിക്കാൻ സാധിച്ചു. വൈദികർ, സന്യാസ സഭകളുടെ പ്രൊവിൻഷ്യൽ സുപ്പീരിയർമാർ എന്നിവർ തിരുകർമ്മങ്ങളിൽ സന്നിഹിതരായിരുന്നു.

## 2. തർപ്പണ തിരുനാൾ

പാലയൂർ തീർത്ഥകേന്ദ്രത്തിലെ പ്രധാന തിരുനാളായ തർപ്പണ തിരുനാൾ ജൂലായ് 11, 12 തിയ്യതികളിൽ ആചരിച്ചു. ജൂലായ് മാസത്തിലെ 10 തിയ്യതി കഴിഞ്ഞു വരുന്ന ശനി, ഞായർ ദിവസങ്ങളിലാണ് തർപ്പണാത്ഭുതം നടത്തി ക്രൈസ്തവ വിശ്വാസത്തിന് അടിത്തറ പാകിയ മാർ തോമാ ശ്ലീഹായുടെ മാധ്യസ്ഥ തിരുനാൾ ആഘോഷിക്കുന്നത്. ശനി വൈകീട്ട് നടന്ന തിരുനാൾ തിരുകർമ്മങ്ങൾ ക്കും കൂടു തുറക്കലിനും കണ്ടശ്ശാംകടവ് ഫൊറാന വികാരി ഫാ. വിൽസൺ പിടിയത്ത് മുഖ്യ കാർമികത്വം വഹിച്ചു. തൃശൂർ അതിരൂപതയിൽ വിശുദ്ധ കുർബ്ബാനക്കുള്ള പുതിയ സംഗീതത്തിലായിരിന്നു തിരുകർമ്മങ്ങൾ. ഞായറാഴ്ച രാവിലെ 10.30 ന് നടന്ന തിരുനാൾ ആഘോഷമായ തിരുകർമ്മങ്ങൾക്ക് ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ മുഖ്യ കാർമികത്വം വഹിച്ച് സന്ദേശം നൽകി.

ക്രിസ്തു അനു വത്തിലേക്ക് വളരാൻ മാർ തോമ ശ്ലീഹായുടെ മാധ്യസ്ഥം സഹായകരമാകട്ടെയെന്നും ശ്ലീഹായുടെ ധീരതയും അചഞ്ചലമായ ദൈവ സ്നേഹവും നമുക്ക് മാതൃകയാണെന്നും ബിഷപ്പ് അഭിപ്രായപ്പെട്ടു. മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രങ്ങളിൽ പൗരാണികവും പ്രധ്യാന്യവുമേറിയ സ്ഥലമാണ് പാലയൂരെന്നും ബിഷപ്പ് കൂട്ടി ചേർത്തു. ഫാ. ചാക്കോ കാട്ടുപറമ്പിൽ ഫാ. സിന്റോ പൊന്തേക്കൻ എന്നിവർ സഹകാർമ്മികരായി .

കോവിഡ് – 19 ന്റെ സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് നടന്ന തിരുകർമ്മങ്ങളിൽ അനുവദിക്കപെട്ടിട്ടുള്ളവർക്ക് നേരിട്ടും മറുള്ളവർക്ക് സാമൂഹ മാധ്യമങ്ങളിലൂടെയും തിരുകർമ്മങ്ങളിൽ പങ്കെടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു.

തർപ്പണ തിരുനാളിനോടനുബന്ധിച്ച് **കാരുണ്യ സ്പർശം 2020** ന്റെ ഭാഗമായി രോഗികളും നിർദ്ധനരുമായ 300 കുടുംബങ്ങൾക്ക് പലവ്യഞ്ജനങ്ങൾ അടങ്ങിയ ഭക്ഷ്യ കിറ്റ് നൽകി. ഫൊറാനയിലെ ഇടവകകളിൽ നിന്നുള്ള തിരഞ്ഞടുക്കപ്പെട്ട കുടുംബങ്ങൾക്കും ഇടവകയിലെ ഒരോ കുടുംബ കൂട്ടായ്മ അതിർത്തിയിലുള്ള ജാതി മതഭേദമന്യേ 10 കുടുംബങ്ങൾക്കു വീതമാണ് കിറ്റുകൾ നൽകിയത്. കോവിഡ് – 19 ന്റെ പശ്ചാതലത്തിൽ തിരുനാൾ ആഘോഷങ്ങൾ ഒഴിവാക്കി കാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതിന്റെ ഭാഗമായാണ് കിറ്റുകൾ വിതരണം ചെയ്തത്.

**സി.കെ. ജോസ്**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
ആർച്ച്പ്രീസ്റ്റ്

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ എത്രയും സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളെ,

ഓൺലൈൻ ക്ലാസുകളിൽ നിങ്ങൾ നന്നായിത്തന്നെ പങ്കെടുക്കുന്നുണ്ട് എന്ന് കരുതുന്നു. എല്ലാ സാഹചര്യങ്ങളും നിങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം ഏതെന്ന് ഞാൻ ചോദിച്ചാൽ നിങ്ങൾക്ക് പലവിധത്തിലുള്ള ആഗ്രഹങ്ങളാകും എന്നോട് പറയാനുണ്ടാവുക. ചിലരെങ്കിലും പറയും എനിക്ക് വലുതാകുമ്പോൾ ഡോക്ടറാകണം, എൻജിനീയറാകണം, അധ്യാപകനാകണം, സിനിമാനടനാകണം എന്നൊക്കെ. ചിലർ പറയാൻ സാധ്യതയുള്ളത് ജീവിതത്തിൽ തങ്ങൾ സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ചില വസ്തുക്കളെപ്പറ്റിയാകും. വലിയ വീട്, വിലപിടിപ്പുള്ള കാർ തുടങ്ങിയവ. ചിലരാകട്ടെ കാണാനും പോകാനും ആഗ്രഹിക്കുന്ന ഏതെങ്കിലും സ്ഥലങ്ങളെ പറ്റിയാകും പറയുക. അമേരിക്ക, ജർമനി, ഇറ്റലി എന്നിങ്ങനെ. എന്നാൽ ഞാൻ നിങ്ങളോട് പറയട്ടെ നമ്മൾ മനസ്സിൽ കൊണ്ടു നടക്കേണ്ട നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം സ്വർഗ്ഗത്തിൽ പോകണം എന്നതാകണം. ഈ മാസം 15–ാം തീയതി നമ്മൾ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ആചരിക്കുകയാണ്. 1950 ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പയാണ് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഘോഷിച്ചത്. ഈ തിരുനാൾ ആചരിക്കുമ്പോൾ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ നമ്മൾ പ്രാർത്ഥിക്കേണ്ടത് സ്വർഗ്ഗത്തിൽ പോകാനുള്ള നിയോഗത്തിന് വേണ്ടിയാകണം. പ്രാർത്ഥിച്ചാൽ മാത്രം പോരാ അതനുസരിച്ച് ജീവിക്കുക കൂടി വേണം.

അൾത്താര ബാലന്മാരുടെ മധ്യസ്ഥനായ ഡൊമിനിക് സാവിയോ തന്റെ കുട്ടിക്കാലത്ത് കളിച്ചുകൊണ്ടിരിക്കുമ്പോൾ വി. ഡോൺ ബോസ്കോ

അവനോട് ചോദിച്ചു. സ്വർഗ്ഗത്തിലെ ദൂതൻ ഇപ്പോൾ നിന്റെ മരണവാർത്ത നിന്നെ അറിയിക്കുകയാണെങ്കിൽ നീ എന്ത് ചെയ്യും? ഡൊമിനിക് സാവിയോ അതിനു മറുപടി പറഞ്ഞത് ഞാൻ എന്റെ കളി തുടർന്നുകൊണ്ടിരിക്കും എന്നതാണ്. ഏതു സമയവും സ്വർഗ്ഗത്തിലേക്കുള്ള യാത്രയ്ക്ക് തയ്യാറായിരുന്നു ഡോമിനിക് സാവിയോ. അതുകൊണ്ട് കുട്ടികളായി നിങ്ങളും എന്തു പറയുമ്പോഴും, ചിന്തിക്കുമ്പോഴും, പ്രവർത്തിക്കുമ്പോഴും ഓർക്കേണ്ടത് എനിക്ക് സ്വർഗ്ഗത്തിൽ പോകണം എന്നുള്ള ആഗ്രഹത്തെ പറ്റിയാണ്. അപ്പോൾ പരിശുദ്ധ അമ്മയെ പോലെ സ്വർഗ്ഗം ലക്ഷ്യംവെച്ച് ജീവിച്ച് സ്വർഗ്ഗത്തിൽ എത്തിചേരാൻ നമുക്കും സാധിക്കും.

ആഗസ്റ്റ് 15 നമ്മുടെ രാഷ്ട്രം അതിന്റെ സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്ന ദിനം കൂടിയാണ്. ഗാന്ധിജിയുടെ നേതൃത്വത്തിൽ അഹിംസ എന്ന സമരായുധം ഉപയോഗിച്ച് നമുക്ക് നേടിത്തന്ന സ്വാതന്ത്ര്യം. നമ്മുടെ രാജ്യം നമുക്ക് നൽകുന്ന അവകാശങ്ങൾ നേടിയെടുക്കുന്നതിനോടൊപ്പം കടമകൾ കൂടി നിർവഹിക്കാൻ നമ്മൾ തയ്യാറാകണം. 1961 ൽ അമേരിക്കൻ പ്രസിഡണ്ട് ആയിരുന്ന ജോൺ ഓഫ് കെന്നഡി ഒരിക്കൽ പറയുകയുണ്ടായി "നിങ്ങളുടെ രാജ്യത്തിന് നിങ്ങൾക്കായി എന്ത് ചെയ്യാനാകും എന്ന് ചോദിക്കരുത്. പക്ഷേ നിങ്ങളുടെ രാജ്യത്തിനായി നിങ്ങൾക്ക് എന്ത് ചെയ്യാനാകും എന്ന് ചിന്തിക്കുക." നമ്മുടെ രാഷ്ട്രത്തോടുള്ള കടമകളെപറ്റികൂടി ഓർമ്മിപ്പിക്കുന്ന ദിനമാണ് സ്വാതന്ത്ര്യ ദിനം.

ഭൗതിക സ്വാതന്ത്ര്യത്തെ പറ്റി ചിന്തിക്കുമ്പോൾ ദൈവമക്കളുടെ സ്വാതന്ത്ര്യത്തെപ്പറ്റി കൂടി ചിന്തിക്കുന്നത് നല്ലതാണ്. സ്വാതന്ത്ര്യം നേടാൻ ഉള്ള മാർഗമായി യേശു ഇപ്രകാരം പറയുന്നു "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ. 8:32). എന്താണ് സത്യം? ആരാണ് സത്യം? യേശു വ്യക്തമായി പറയുന്നു 'ദൈവത്തിന്റെ വചനമാണ് സത്യം.' (യോഹ. 17:17). 'വചനത്തിൽ നിലനിൽക്കുമ്പോഴാണ് ശിഷ്യരായി തീരാനും അതുവഴി സത്യം ഗ്രഹിക്കാനും സാധിക്കുക' (യോഹ. 8:31 –32). യേശു വീണ്ടും പറയുന്നു. "ഞാനാകുന്നു വഴിയും സത്യവും ജീവനും" (യോഹ.14:6). അതിനാൽ ശരിയായ സ്വാതന്ത്ര്യം നേടണമെങ്കിൽ യേശുവിനെ അറിയുകയും ദൈവഹിതം അന്വേഷിക്കുകയും ദൈവവചനം അനുസരിച്ച് ജീവിക്കുകയും വേണം. ആഗസ്റ്റ് മാസം 4–ാം തീയതി വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിക്കുകയാണ്. നിങ്ങളുടെ പ്രിയപ്പെട്ട വികാരിയച്ചനു വേണ്ടിയും എല്ലാ വൈദികർക്കു വേണ്ടിയും

അന്നേദിവസം നിങ്ങൾ പ്രത്യേകമായി പ്രാർത്ഥിക്കണം. ഒപ്പം നിങ്ങളുടെ കൂട്ടുകാർ പലരും വൈദികനാകണം എന്ന ആഗ്രഹത്തോടെ സെമിനാരിയിൽ പ്രവേശനം നേടിയിട്ടുണ്ട്. അവർക്കുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണം. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും നമ്മുടെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെ എല്ലാ നന്മകളും ആശംസകളും സ്നേഹത്തോടെ നേരുന്നു.

യേശുവിൽ സ്നേഹത്തോടെ
നിങ്ങളുടെ വത്സല പിതാവ്

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

പരിശുദ്ധ കന്യകാമറിയത്തിന്റ *സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ* എല്ലാവർക്കും നേരുന്നു.
സ്വാതന്ത്ര്യത്തെ ദൈവികപദ്ധതിയോടുചേർന്ന് വിനിയോഗിച്ച പരിശുദ്ധ അമ്മയുടെ മാതൃക നമുക്ക് പിന്തുടരാം. കോവിഡ് 19രോഗത്തിൽ നിന്നും ലോകത്തെ മുഴുവൻ സംരക്ഷിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം അഭംഗുരം സംരക്ഷിക്കാൻ നമുക്ക് നിലകൊള്ളാം. രാജ്യം സാഹോദര്യത്തിലും സഹവർത്തിത്വത്തിലും സമാധാനത്തിലും നന്മയിലും സമൃദ്ധിയിലും മതേതരത്വത്തിലും പുരോഗമിക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ സുവിശേഷോപദേശങ്ങൾക്ക് സാക്ഷ്യം നൽകാൻ സദാ സന്നദ്ധരാകാം. അതിന് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വൈദികരുടെ മധ്യസ്ഥനായ വി.ജോൺ മരിയ വിയാനിയുടെയും വി. എവുപ്രാസ്യമ്മയുടെയും മാധ്യസ്ഥ്യം അപേക്ഷിക്കാം.

1. **Merit Day & ACC Convocation**

   ആഗസ്റ്റ് 15 നു നടത്താറുള്ള മെറിറ്റ് ഡേയും എ.സി.സി. കോൺവൊക്കേഷനും കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മാറ്റിവയ്ക്കേണ്ടി വന്നിരിക്കുകയാണ്. സഹകരിക്കുമല്ലോ.

**2. ACC Re-Examination**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 2019–20 അധ്യയനവർഷത്തെ ACC Re-Examination പരീക്ഷ (സിലബസ് I) 2020–21 അധ്യയന വർഷത്തെ (സിലബസ് II) വാർഷിക പരീക്ഷയോടനുബന്ധിച്ച് അടുത്ത ഒരു ദിവസം നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ വർഷം Re-Examination നു രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതുവാൻ സാധിക്കാത്തവർക്കു മാത്രമാണ് അടുത്തവർഷം (സിലബസ് I) പരീക്ഷയെഴുതുവാൻ സാധിക്കുകയുള്ളൂ.

**3. സ്കോളർഷിപ്പ് പരീക്ഷ**

2019– 2020 അധ്യയനവർഷത്തെ സ്കോളർഷിപ്പ് പരീക്ഷ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നടത്താൻ പറ്റാത്ത സാഹചര്യം ആയതുകൊണ്ട് റദ്ദാക്കുകയാണ്.

**4. ഹാജർ കൊടുക്കേണ്ടവിധം**

ജൂൺ 7–ാം തിയതിയിലെ അറ്റൻഡൻസ് എല്ലാ വിദ്യാർത്ഥികൾക്കും കൊടുക്കേണ്ടതാണ്. പിന്നീടുള്ള അറ്റൻഡൻസുകൾ വിദ്യാർത്ഥികൾ അധ്യാപകർക്ക് നൽകുന്ന അസൈൻമെന്റുകളെ അടിസ്ഥാനമാക്കി ഞായറാഴ്ചകളിൽ കൊടുക്കേണ്ടതാണ്.

**5. ഓൺലൈൻ ക്ലാസ്സ് ഹാജർ**

ഓരോ യൂണിറ്റിലേയും കുട്ടികളുടെ അതാത് മാസത്തെ ഹാജരുകൾ പിറ്റേമാസം ആദ്യആഴ്ചയിൽ (ഉദാ.ജൂലൈ മാസത്തെ അറ്റൻഡൻസ് ആഗസ്റ്റ് ആദ്യആഴ്ചയിൽ) തന്നെ ബ്ലോഗിൽ അപ്ലോഡ് ചെയ്തിട്ടുള്ള നിശ്ചിതഫോമിൽ രേഖപ്പെടുത്തി ഇമെയിൽ വഴി വിശ്വാസപരിശീലനകേന്ദ്രത്തിലേക്ക് അയയ്ക്കേണ്ടതാണ്. യൂണിറ്റിന്റെ മെയിൽ അഡ്രസ്സിൽ നിന്നുമാണ് ഇമെയിൽ ചെയ്യേണ്ടത്.

**6. പ്രതിഭാ പരിശീലനം**

**VII, VIII, IX, X, XI, XII** ക്ലാസ്സുകളിൽ നിന്നും പ്രതിഭാ പരിശീലനത്തിലേക്ക് നിർദ്ദേശിക്കുന്നവരുടെ പേരുകൾ പുതിയ അദ്ധ്യയനവർഷം വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും (2020–2021) ക്രിയേറ്റ് ചെയ്തതിനുശേഷം ജൂലായ് 30–നു മുമ്പ് സോഫ്റ്റ്‌വെയർ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രവേശന ഫോമുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ ജൂലായ് 30–നു മുമ്പ് ഇമെയിൽ വഴി അയയ്ക്കേണ്ടതാണ്. യൂണിറ്റിന്റെ മെയിൽ അഡ്രസ്സിൽ നിന്നുമാണ് ഇമെയിൽ ചെയ്യേണ്ടത്. (catechismtrichur@gmail.com). പ്രവേശന ഫോമുകൾ ബ്ലോഗിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്യാമ്പ് തിയതികൾ പിന്നീട് അറിയിക്കുന്നതാണ്.

**7. റിസോഴ്സ് ടീം പരിശീലനം & ആനിമേഷൻ കോഴ്സ്**

റിസോഴ്സ് ടീം & ആനിമേഷൻ കോഴ്സിലേക്ക് നിർദ്ദേശിക്കുന്നവരുടെ പേരുകൾ പുതിയ അദ്ധ്യയനവർഷം വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും (2020–2021) ക്രിയേറ്റ് ചെയ്തതിനുശേഷം ജൂലായ് 30–നു മുമ്പ് സോഫ്റ്റ്‌വെയർ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. തിയതികൾ പിന്നീട് അറിയിക്കുന്നതാണ്.

**8. സോഫ്റ്റ് വെയർ പ്രവർത്തനം**

എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കിയാൽ, തുടർന്ന് ആവശ്യമായ വിവിധ ലിസ്റ്റുകളും ഫോമുകളും തയ്യാറാക്കുന്നതിന് വളരെ എളുപ്പമായിരിക്കും. പുതിയതായി ചേരുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ അവർ ചേരുന്ന അവസരത്തിൽത്തന്നെ ശേഖരിച്ച് പ്രോഗ്രാമിൽ ഉൾക്കൊള്ളിക്കുക.

യൂണിറ്റിനെയും അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച കാര്യങ്ങളിൽ വരുന്ന മാറ്റങ്ങളനുസരിച്ച് ഉടൻതന്നെ സോഫ്റ്റ് വെയറിലും തിരുത്തലുകൾ വരുത്തി യൂണിറ്റിന്റെ ഡാറ്റ up-to-date ആയി പാലിക്കണം.

**പ്രത്യേകശ്രദ്ധയ്ക്ക്:**

വിദ്യാർത്ഥികളുടെ TC, സർട്ടിഫിക്കറ്റുകൾ, പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകളുടെ എണ്ണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികൾ, പ്രതിഭാപരിശീലനം, അധ്യാപകരുടെ സർവ്വീസ് മുതലായ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത് കമ്പ്യൂട്ടർപ്രോഗ്രാമിലേക്ക് യൂണിറ്റിൽനിന്ന് തന്നിട്ടുള്ള വിവരങ്ങളുടെ(ഡാറ്റ) അടിസ്ഥാനത്തിലായിരിക്കും. ആവശ്യമുള്ള ഡാറ്റ ചേർക്കാതിരിക്കുകയോ, വരുന്ന മാറ്റങ്ങൾ അതാതുസമയത്ത് ചെയ്യാതിരിക്കുകയോ ചെയ്താൽ ഇക്കാര്യങ്ങളുടെയെല്ലാം നടത്തിപ്പിൽ യൂണിറ്റുകളിലും വിശ്വാസപരിശീലനകേന്ദ്രത്തിലും കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകും. എല്ലാം കൃത്യമായി ചെയ്യുന്നവർക്ക് എല്ലാം വളരെ എളുപ്പവുമായിരിക്കും. ഓരോ ആവശ്യത്തിനും യൂണിറ്റുകളിൽനിന്ന് പ്രത്യേകം ലിസ്റ്റുകൾ തയ്യാറാക്കി നല്കേണ്ടിവരില്ല.

**9. ACC യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ**

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പ്രത്യേക അറിയിപ്പുപ്രകാരം ഈ വർഷം മുതൽ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫോമിൽ ഹാൾടിക്കറ്റ് കൂടെ ഉൾപ്പെടുന്ന തരത്തിലാണ് സെറ്റ് ചെയ്തിരിക്കുന്നത്. ഹാൾടിക്കറ്റിൽ രജിസ്റ്റർ നമ്പർ കൂടെ ഉൾപ്പെടുന്നതിനാൽ ഈ വർഷം

പഠിക്കുന്ന വിദ്യാർത്ഥികളുടെ Up-dation (സ്റ്റുഡന്റ്സ് ലിസ്റ്റിലെ XII pass ൽ നിന്നും എ. സി. സി. പഠിക്കുന്ന വിദ്യാർത്ഥികളെ മാത്രം എഡിറ്റ് ചെയ്ത് ACC Iലേക്ക് മാറ്റുക. കൂടാതെ സെക്കന്റ് ഇയറിലും തേർഡ് ഇയറിലും ഏതെങ്കിലും കുട്ടികൾ പഠിക്കുന്നില്ലെങ്കിൽ അവരെ Deactivate ചെയ്യുക, Photo ഉണ്ടെന്ന് ഉറപ്പാക്കുക, Previous Year Mark Entry ചെയ്യുക) നിങ്ങളുടെ സോഫ്റ്റ് വെയറിൽ ജൂലായ് 25 നു തന്നെ പൂർത്തിയാക്കേണ്ടതാണ്. ജൂലായ് 31 നു തന്നെ എ. സി. സി. ഫസ്റ്റ് ഇയർ വിദ്യാർത്ഥികൾക്ക് രജിസ്റ്റർ നമ്പർ വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്നും ജനറേറ്റ് ചെയ്യുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ യൂണിറ്റിലെ കുട്ടികളുടെ പേരുകൾ ഒന്നും വിട്ടുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പേരുകൾ വിട്ടുപോയാൽ രജിസ്റ്റർ നമ്പർ ലഭിക്കുകയോ ഈ വർഷത്തിൽ പിന്നീട് ഒരവസരം ഉണ്ടായിരിക്കുകയോ ചെയ്യുന്നതല്ല.

എല്ലാ അപ്ഡേഷനുകൾക്കുംശേഷം ACC Management ൽ നിന്നും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫോം ഡൗൺലോഡ് ചെയ്ത് (രജി. ഫീസ് 100 രൂപ ഉൾപ്പെടെ) ആഗസ്റ്റ് 1 മുതൽ 20 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ സമർപ്പിക്കാവുന്നതാണ്. ഫോമുകളിൽ വികാരി, പ്രിൻസിപ്പൽ, രക്ഷിതാവ്, വിദ്യാർത്ഥി എന്നിവരുടെ ഒപ്പും യൂണിറ്റിന്റെ സീലും ഉണ്ടായിരിക്കേണ്ടതാണ്.

**10. CTC Course**

മാർച്ച് മാസത്തെ സിടിസി കോഴ്സിന് രജിസ്റ്റർ ചെയ്തവർക്കാണ് അടുത്തതായി കോഴ്സ് നടത്തുന്നത്. ഏതെങ്കിലും ഒന്നിൽ പങ്കെടുക്കാം. 40 പേർക്കാണ് ഒരു കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. മാർച്ച് മാസത്തിൽ ചെയ്ത രജിസ്ട്രേഷൻ റദ്ദാകുന്നതാണ്. അതുകൊണ്ട് വീണ്ടും സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. മാർച്ച് മാസത്തിൽ ഫീസ് തന്നിട്ടുള്ളതുകൊണ്ട് വീണ്ടും ഫീസ് അടക്കേണ്ടതില്ല.

**11. മുടങ്ങാതെ വന്ന അധ്യാപകർക്ക് അവാർഡ്**

(10, 15, 25, 35, 45 വർഷങ്ങൾ) മുടങ്ങാതെ വന്നിട്ടുള്ള അധ്യാപകരുണ്ടെങ്കിൽ അവരുടെ പേരുവിവരങ്ങളും ഫോട്ടോയും സഹിതം ആഗസ്റ്റ് 31 നുള്ളിൽ ബഹു.യൂണിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന കത്തോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ E-mail വഴി നൽകേണ്ടതാണ്. catechismtrichur@gmail.com

**12. യൂണിറ്റ് വിസിറ്റ്**

ഈ വർഷം യൂണിറ്റ് വിസിറ്റ് നടത്താൻ കഴിയുമോ എന്ന് സംശയമാണ്. സമയബന്ധിതമായി സോഫ്റ്റ് വെയറിൽ ഡാറ്റ Update

ചെയ്യുന്നതും കേന്ദ്ര ഓഫീസ് സംബന്ധമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതും കൂടി മോഡൽ യൂണിറ്റിനേയും ബെസ്റ്റ് മോഡൽ യൂണിറ്റിനേയും തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡമായിരിക്കും.

**13. Advanced C. T. C.** (ഒരു ബാച്ചുമാത്രം)

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്.

TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. സാഹചര്യം അനുകൂലമായാൽ 13 ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2:30 മുതൽ 5 വരെയാണ് ക്ലാസ്സുകൾ നടത്താൻ ആഗ്രഹിക്കുന്നത്. കോഴ്സ് സൗജന്യമായിരിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓഗസ്റ്റ് 5–നുമുമ്പ് പേര് രജിസ്റ്റർ ചെയ്യണം. ക്ലാസ്സ് തിയ്യതികൾ: സെപ്റ്റംബർ 6, 13, 20, 27, ഒക്ടോബർ 11, 18, നവംബർ 1, 15, 22, 29, ഡിസംബർ 6, 20, 26.

**14. സർവ്വീസ് അവാർഡ്**

സർവ്വീസ് അവാർഡിന് അർഹരാകുന്ന അധ്യാപകരുടെ ലിസ്റ്റ് വിശ്വാസപരിശീലന സോഫ്റ്റ്വെയറിൽനിന്നുമാണ് എടുക്കുന്നത്. സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള അധ്യാപകരുടെ പേരുകളേ ഈ ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ. അതിനാൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ഇനിയും പൂർണ്ണമായി ചേർത്തിട്ടില്ലെങ്കിൽ ജൂലൈ 30 നകം ചേർക്കേണ്ടതാണ്. അല്ലാതെയുള്ള അധ്യാപകരെ അവാർഡ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതല്ല. അതിനാൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ആഗസ്റ്റ് മാസത്തിൽ തന്നെ കൃത്യമാക്കണം.

സസ്നേഹം,

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**ഫാ. റോയ്സൺ കൊള്ളന്നൂർ**
**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
അസി. ഡയറക്ടർമാർ

GO AND PREACH TO ALL THE NATIONS

TRICHUR INSTITUTE OF THEOLOGY

# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies:**
   ബൽജിയത്തെ ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ കോഴ്സ് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PMവരെയും നടത്തപ്പെടുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLC-യിലെ Institute of Theology Office മായി ബന്ധപ്പെടുക. പുതിയ ബാച്ച് 2020 ആഗസ്റ്റ് 2–ാംതിയ്യതി ഞായറാഴ്ച ആരംഭിക്കുന്നു.
2. **Diploma in Theology Course:**
   24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും രണ്ടുക്ലാസ്സുകൾ എന്ന രീതിയിൽ ഒരുവർഷംകൊണ്ട് പൂർത്തിയാക്കാവുന്നതാണ്. ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് **കോവിഡ് നിയന്ത്രണങ്ങൾക്ക് വിധേയമായി ഉടൻ ആരംഭിക്കുന്നതാണ്.**
3. **Six Month Theology Course:**
   സന്യാസിനികൾക്കായി 6 Months regular Theology Course, affiliated to Chair for Christian Studies and Research of Calicut University അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ




# മേരിമാത സെമിനാരി

1. **ഈശോയുടെ തിരുഹൃദയതിരുന്നാൾ**

   ജൂൺ 19–ാം തിയ്യതി ഈശോയുടെ തിരുഹൃദയതിരുന്നാൾ സമുചിതമായി ആചരിച്ചു. ഫാ. ജെയ്സൺ വടക്കേത്തല തിരുന്നാൾ ദിവ്യബലി അർപ്പിച്ചു. പോൾ പുളിക്കനച്ചൻ തിരുന്നാൾ സന്ദേശം നൽകി. പതിവുപോലെ ഈ വർഷവും ഈശോയുടെ തിരുഹൃദയ തിരുന്നാൾ സെമിനാരിയിൽ പരിശുദ്ധ കുർബ്ബാന ആരാധന ദിനമായിരുന്നു.

2. **അനുശോചനം**

   ബിൽജു വാഴപ്പിള്ളിയച്ചന്റെ പിതാവ് ജൂൺ 19–ാം തിയ്യതിയും, ബിജു ഞാഞ്ഞിലത്തച്ചന്റെ പിതാവ് ജൂൺ 20–ാം തിയ്യതിയും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സെമിനാരിയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുക്കൊണ്ടിരിക്കുന്ന ബിൽജു അച്ചനെയും ബിജു അച്ചനെയും അവരുടെ കുടുംബാംഗങ്ങളെയും സെമിനാരി കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു.

3. **വിശ്വാസം പ്രതിക്കൂട്ടിലോ?**

   വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാളായ ജൂൺ 29–ാം തിയ്യതി യുട്യൂബ് ചാനലിലൂടെ വിശ്വാസം പ്രതിക്കൂട്ടിലോ? എന്ന പേരിൽ കത്തോലിക്കാവിശ്വാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും ഹ്രസ്വമായി അവതരിപ്പിക്കുന്ന പരമ്പരയ്ക്ക് മേരിമാതാ മേജർ സെമിനാരി തുടക്കം കുറിച്ചു. റവ. ഡോ. മൈക്കിൾ കാരിമറ്റം, റവ. ഡോ. പോൾ പുളിക്കൻ എന്നിവരാണ് ഈ സംരംഭത്തിന് നേതൃത്വം നൽകുക. തൃശ്ശൂർ അതിരൂപതയുടെ മീഡിയ കത്തോലിക്കാ യുട്യൂബ് ചാനലിലൂടെയാണ് പരമ്പര സംപ്രേക്ഷണം ചെയ്യുന്നത്. റവ. ഡോ. മൈക്കിൾ കാരിമറ്റം "യേശുക്രിസ്തു ചരിത്രപുരുഷനോ?" എന്ന ടൈറ്റിലിൽ പരമ്പര

യിലെ ആദ്യത്തെ പഠനം ഉൽഘാടനദിനം തന്നെ അവതരിപ്പിച്ചു.

4. **ഓൺലൈൻ അധ്യാപന പരിശീലനം**

കോവിഡ് മഹാമാരി അനിവാര്യതയാക്കിയ ഓൺലൈൻ അധ്യാപന രീതിയുടെ സങ്കേതിക വശങ്ങളിൽ പ്രാവീണ്യം നേടാനുതകുന്ന ഒരു പരിശീലന കളരി സെമിനാരിയിൽ സംഘടിപ്പിച്ചു. ജൂൺ 30–ാം തിയ്യതി നടന്ന പരിപാടി നയിച്ചത് ജ്യോതി എഞ്ചിനീയറിങ്ങ് കോളേജിലെ അധ്യാപകരായ ഫാ. റോയ് വടക്കൻ, ഫാ. ഡേവിഡ് നെറ്റിക്കാടൻ എന്നിവരായിരുന്നു. സെമിനാരിയിലെ റസിഡന്റ് അധ്യാപകരെല്ലാവരും പരിശീലന പരിപാടിയിൽ പങ്കെടുത്തു.

5. **ദുക്റാന തിരുന്നാൾ**

ജൂലൈ 3–ാം തിയ്യതി മാർ തോമാ ശ്ളീഹായുടെ ദുക്റാന തിരുന്നാൾ ഭാരതത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ട് ആചരിച്ചു. ബിൽജു വാഴപ്പിള്ളിയച്ചനാണ് തിരുന്നാൾകുർബാന അർപ്പിച്ച് സന്ദേശം നൽകിയത്.

6. **മാസധ്യാനം**

ജൂലൈയിലെ മാസധ്യാനം 10, 11 തിയ്യതികളിൽ നടന്നു. ജിക്സൺ താഴത്തച്ചനാണ് സക്കേവൂസിന്റെ മാനസാന്തരം അവലംബമാക്കി ധ്യാനചിന്തകൾ പങ്കുവച്ചത്. ഇന്റർനെറ്റിലൂടെ ധ്യാനവിചിന്തനങ്ങൾ വൈദികവിദ്യാർത്ഥികൾക്ക് സംലഭ്യമാക്കി.

7. **ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

ശ്രീ. മാത്യൂസ് തോമസ്, C/o തോമസ് മാത്യു, കൊട്ടിരിക്കൽ ഹൗസ്, രാമപുരം, കോട്ടയം.

**Wellwisher Membership**

ശ്രീ. ജസ്റ്റിൻ ജേക്കബ്, ചീരൻ ഹൗസ്, കാക്കശ്ശേരി, തൃശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **കോവിഡ് ഫലം നെഗറ്റീവ്**

ശ്വാസകോശ സംബന്ധമായി ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയിൽ ഉണ്ടായിരുന്നതും, തുടർന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിൽ മരണപ്പെടുകയും ചെയ്ത രോഗിക്ക് കോവിഡ് സ്ഥിരീകരിച്ചതിനാൽ ക്വാറന്റീനിൽ കഴിഞ്ഞിരുന്ന ജൂബിലിയിലെ 65 ജീവനക്കാർക്കും കോവിഡ് പരിശോധന ഫലം നെഗറ്റീവ്.

കഴിഞ്ഞ ജൂൺ രണ്ടാം തിയ്യതിയാണ് ഈ രോഗി ശ്വാസകോശ സംബന്ധമായ ചികിത്സക്ക് ജൂബിലിയിൽ എത്തിയത്. തുടർന്ന് ജൂൺ 7–ന് കോവിഡ് സ്ഥിരീകരിച്ചതിന് പിന്നാലെ തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലേക്ക് അതീവ സൂക്ഷ്മതയോടെ മാറ്റുകയായിരുന്നു. ഉടൻതന്നെ ജൂബിലിയിലെ ഇൻഫക്ഷൻ കൺട്രോൾ ടീം രോഗി ഹോസ്പിറ്റലിൽ സഞ്ചരിച്ച റൂട്ട് മാപ് തയ്യാറാക്കുകയും സമ്പർക്കം ഉണ്ടായ 65 ജീവനക്കാരെ ക്വാറൻീനിൽ വിടുകയും ചെയ്തു. ഇവരിൽ ആർക്കും കോവിഡ് രോഗലക്ഷണങ്ങൾ ഉണ്ടായിരുന്നില്ല. തുടർന്ന് ഈ 65 പേരുടേയും ഫലം നെഗറ്റീവ് ആവുകയായിരുന്നു.

രോഗവ്യാപനം ഇല്ലാതിരുന്നത് ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ ടീമിന്റേയും സർക്കാരിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചതുകൊണ്ടാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു.

കോവിഡ് 19 മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടുതന്നെ ഹോസ്പിറ്റലിലെ എല്ലാ സേവനങ്ങളും പുനരാരംഭിച്ചിരിക്കുന്നതായും വീഡിയോ കൺസൾട്ടേഷൻ, ഹോം സാമ്പിൾ കളക്ഷൻ തുടങ്ങിയ സേവനങ്ങൾ ആരംഭിച്ചതായും ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു

**2. തൃശ്ശൂരിലെ ആദ്യത്തെ പ്രൈവറ്റ് കോവിഡ് ടെസ്റ്റിങ്ങ് ലാബ്**

ജൂബിലി മിഷൻ ആശുപത്രിയിലെ മൈക്രോബയോളജി വിഭാഗം, കോവിഡ്–19 ഉൾപ്പെടെയുള്ള പകർച്ചവ്യാധികളുടെ തന്മാത്രാരോഗനിർണ്ണയത്തിനായി (Molecular diagnosis) പുതിയ സംരംഭം തുടങ്ങിയിരിക്കുന്നു. ബി.എസ്.എൽ–2 (Bio Safety Level-2) തലത്തിൽ ഉള്ള ഈ Molecular diagnostic test ൽ ഇപ്പോൾ ഉയർന്നുവരുന്ന പല നൂതന അണുക്കളുടേയും രോഗനിർണ്ണയം സാദ്ധ്യമാണ്. നാഷണൽ അക്രിഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറി (NABL) യുടേയും ഇന്ത്യൻ കൗസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) ന്റേയും അംഗീകാരവും കഴിഞ്ഞ ദിവസങ്ങളിൽ ഈ ലാബിന് ലഭിക്കുകയുണ്ടായി. അങ്ങനെ ഇത്തരം രോഗനിർണ്ണയ സൗകര്യങ്ങളുള്ള ചുരുക്കം ചില മെഡിക്കൽ കോളേജുകളുടെ പട്ടികയിലേക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗവും ഉയർത്തപ്പെട്ടിരിക്കുന്നു. ജീവസുരക്ഷാ ചട്ടങ്ങൾക്ക് അനുസൃതമായി രൂപകൽപ്പന ചെയ്ത ഈ ലാബിൽ റിയൽ ടൈം PCR എന്ന ടെക്നോളജി അടിസ്ഥാനമാക്കിയുള്ള TrueNAT സിസ്റ്റം ഉപയോഗിച്ചാണ് അണുരോഗനിർണ്ണയം നടത്തുന്നത്. രണ്ടു മണിക്കൂറിനുള്ളിൽ തന്നെ ഫലം അറിയാൻ കഴിയും എന്നത് ഈ സിസ്റ്റത്തിന്റെ പ്രത്യേകതയാണ്.

ഈ സൗകര്യത്തോടുകൂടി ജൂബിലി ആശുപത്രിയിൽ ഇനി മുതൽ കോവിഡ് ടെസ്റ്റിങ്ങ് നടത്താൻ സാധിക്കും. കോവിഡിനുപുറമെ H1N1, ഡെങ്കിപ്പനി, ഹ്യൂമൺ പാപ്പിലോമ വൈറസ്, നിപ്പാ വൈറസ്, ചിക്കൻഗുനിയ, ഹെപ്പറ്റൈറ്റിസ് വൈറസ് എന്നീ വൈറസുകളേയും, ക്ഷയം, എലിപ്പനി തുടങ്ങിയ രോഗങ്ങൾ ഉണ്ടാക്കുന്ന ബാക്ടീരിയകളേയും പി.സി.ആർ ടെസ്റ്റ് മുഖേന വളരെ ചുരുങ്ങിയ ചെലവിൽ വളരെ പെട്ടെന്നുതന്നെ കണ്ടുപിടിക്കാം.

**3. അഭിനന്ദനങ്ങൾ.. ആശംസകൾ..**

- മൈക്രോബയോളജിയുടേയും ക്വാളിറ്റിയുടേയും നേതൃത്വത്തിൽ മൈക്രോബയോളജി ലാബിൽ തന്മാത്രാ രോഗനിർണ്ണയം (Molecular Diagnostic Testing) നടത്തുവാനായി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറിയുടേയും (NABL) ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റേയും (ICMR) അംഗീകാരം ലഭിച്ചു.
- സ്മൈൽ ട്രെയിൻ പ്രവർത്തനങ്ങൾക്കുവേണ്ടി ഇന്ത്യൻ മെഡിക്കൽ അഡ്വൈസറി കൗൺസിലിന്റെ (IMAC) അംഗമാകാൻ ചാൾസ്

പിന്റോ വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. നാരായണൻ പി. വി. യെ ഗ്ലോബൽ മെഡിക്കൽ അഡ്വൈവെസറി ബോർഡ് ക്ഷണിച്ചു.

4. **ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. ജോമി എൻ നരേന്ദ്രൻ, ശ്രീരാഗം ഹൗസ്, എൽത്തുരുത്ത് പി. ഒ., തൃശ്ശൂർ (18 ഡയാലിസിസ്)
- ശ്രീമതി സിസിലി ആന്റണി, കുളങ്ങര ഹൗസ്, മനക്കൊടി, തൃശ്ശൂർ (43 ഡയാലിസിസ്)

5. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ
- സെന്റ് ആന്റണീസ് ചർച്ച്, മണ്ണുത്തി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ്

1. **അഡ്മിഷനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു**
ഈ വർഷത്തെ അഡ്മിഷനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ഹെൽപ് ലൈൻ നമ്പർ: 9526924455, 9526923445.

2. **രണ്ട് പുതിയ കോഴ്സുകൾക്ക് അംഗീകാരം**
ജ്യോതിയിൽ രണ്ട് പുതിയ കോഴ്സുകൾക്ക് AICTE അംഗീകാരം ലഭിച്ചു.

1. Robotics & Automation, 2. Artificial Intelligence & Data Science

3. **പാസ്റ്ററൽ സെന്ററിൽ അഡ്മിഷൻ ഓഫീസ്**
തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഈ വർഷത്തെ അഡ്മിഷനു വേണ്ടിയുള്ള ഓഫീസ് പ്രവർത്തനം ആരംഭിച്ചു. ഫോൺ: 9446424520, 9846539968.

4. **നോട്ടുപുസ്തകങ്ങൾ കൈമാറി**
കോളേജിലെ മുഴുവൻ ബ്രാഞ്ചുകൾക്കും എൻ.ബി.എ. കിട്ടിയതിന്റെ ഭാഗമായി വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ച 1500 നോട്ടു പുസ്തകങ്ങൾ ആലത്തൂർ എം.പി. രമ്യ ഹരിദാസിന് കൈമാറി. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനായി മറ്റ് ആവശ്യങ്ങൾക്ക് ചെലവഴിക്കേണ്ട തുക വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ചാണ് പുസ്തകങ്ങൾ വാങ്ങിയത്.

5. **തുണി സഞ്ചികൾ വിതരണം ചെയ്തു**
പ്ലാസ്റ്റിക്കിൽ നിന്ന് മാറി വൈറസുകളെ അകറ്റി നിർത്താൻ വീണ്ടും കഴുകി ഉപയോഗിക്കാവുന്ന തുണി സഞ്ചികളുടെ വിതരണോദ്ഘാടനം പാലക്കാട് എം.പി. വി.കെ. ശ്രീകണ്ഠൻ നിർവഹിച്ചു.

6. **വെബിനാർ നടത്തി**
കഴിഞ്ഞ മെയ്, ജൂൺ മാസങ്ങളിൽ വിവിധ ബ്രാഞ്ചുകൾ വഴി ആനുകാലിക വിഷയങ്ങളിൽ അമ്പതിൽപ്പരം വെബിനാറുകൾ നടത്തി.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി**
ചെയർമാൻ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

1. **ദേശീയ അംഗീകാരം**
ഇന്ത്യയിലെ എൻ.ഐ.ആർ.എഫ് റാങ്കിങ്ങിൽ സെന്റ് തോമാസ് കോളേജ് 63–ാം സ്ഥാനം കൈവരിച്ചു. മൂന്നാം തവണയാണ് 100 ൽ താഴെ റാങ്കുള്ള കോളേജുകളുടെ പട്ടികയിൽ സെന്റ് തോമാസ് സ്ഥാനം പിടിക്കുന്നത്. കേരളത്തിന്റെ റാങ്കു പട്ടികയിൽ ഇത് 8–ാം സ്ഥാനമാണ്.

2. **അഭിനന്ദനങ്ങൾ**
പ്രഥമ വനിതാ വൈസ് പ്രിൻസിപ്പാളായി നിയമിതയായ സി. അൽ

ഫോൺസാ മാത്യുവിന് (ഡിപ്പാർട്ട്മെന്റ് ഓഫ് മാത്തമാറ്റിക്സ്) അഭിനന്ദനങ്ങൾ. 6 വർഷക്കാലം വൈസ് പ്രിൻസിപ്പാളായി റിട്ടയർ ചെയ്ത ഡോ. തോമസ് പോൾ കാട്ടൂക്കാരന് (ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ്) നന്ദി രേഖപ്പെടുത്തുന്നു.

3. **നേട്ടം**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ 'കോൺസ്പെക്റ്റസ്' എന്ന ജേർണൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ റെഫേഡ് ജേർണലിന്റെ പട്ടികയിൽ സ്ഥാനം പിടിച്ചു.

പ്രശസ്ത മലയാള കവിയും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകനുമായ ശ്യാം സുധാകറിന്റെ കവിത പ്രമുഖ കവികൾ അണിനിരക്കുന്ന മനോരമ ബുക്സിന്റെ 'കവിത മഴയിൽ' ഓൺലൈനായി അവതരിപ്പിക്കപ്പെട്ടു.

ഡോ വിജു.എം.ജെ. ഭാരതീയാർ യൂണിവേഴ്സിറ്റിയിലെ ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു.

മഹാരാജാസ് കോളേജിന്റെ നാഷണൽ വെബിനാറിൽ സെന്റ് തോമാസ് കോളേജ് ലൈബ്രേറിയൻ ഡോ. സാൻജൊ ജോസ് അക്കാദമിക്ക് പ്ലേജിയരിസത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു.

സുവോളജി ഡിപ്പാർട്ട്മെന്റിലെ രഹാന പി.എ യ്ക്ക് ശാസ്ത്രസാങ്കേതിക വകുപ്പിന്റെ ഗവേഷണ ഫെല്ലോഷിപ്പ് ലഭിച്ചു.

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ബി. കോം ബാങ്കിങ്ങ് വിദ്യാർത്ഥിയായ ക്രിസ്റ്റി മാനുവൽ ന് 'ബൈജൂസ് ആപ്പ്' കമ്പനിയിൽ 10 ലക്ഷം വാർഷിക ശമ്പളത്തിൽ നിയമനം ലഭിച്ചു.

4. **പി.എച്ച്.ഡി നേടി**

ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഗീതു എലിസബത്ത് തോമസ് കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബയോടെക്നോളജിയിൽ പി.എച്ച്.ഡി നേടി. ഈ നേട്ടത്തോടെ ബോട്ടണി ഡിപ്പാർട്ട്മെന്റ് സമ്പൂർണ്ണ ഡോക്ടറേറ്റ് ഡിപ്പാർട്ട്മെന്റായി.

ശ്രീ ധന്യ ജോൺ, സെന്റ് തോമാസ് കോളേജ്, എക്കണോമിക്സ് വിഭാഗത്തിൽ നിന്ന് 'ഇംപാക്റ്റ് ഓഫ് അർബനൈസേഷൻ ഓൺ എൻവയൺമെന്റ്' എന്ന വിഷയത്തിൽ പി.എച്ച്.ഡി നേടി. കെ.എം. ഫ്രാൻസിസ്, സാബു പി.ജെ എന്നിവരുടെ കീഴിലായിരുന്നു ഗവേഷണം.

5. **വെബിനാറുകൾ**

ഇന്ത്യൻ ക്രിമിനോളജി ആന്റ് ഫോറൻസിക്ക് അസോസിയേഷനും (കെ.എഫ്.എസ്.എ) സെന്റ് തോമാസ് കോളേജും സംയുക്തമായി വെബിനാർ സംഘടിപ്പിച്ചു. ഡോ. സയിം സിദ്ധിക്ക് ജൂലൈ 4 നും,

ഡോ. പ്രിയങ്ക കോക്കർ ജൂലൈ 5 നും മുഖ്യ പ്രഭാഷണം നടത്തി.
ജൂലൈ 6 ന് സംസ്കൃത ഭാഷ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. എസ് ഷീബ (പ്രൊഫസർ ശങ്കരാചാര്യ യൂണിവേഴ്സിറ്റി) ക്ലാസ്സ് നയിച്ചു.
ജൂലൈ 1 ന് ഫിസിക്സ് ഡിപ്പാർട്ട്മെന്റ് 'സൂപ്പർ ഹെവി എലമെന്റ്സി'ന്റെ സാധ്യതകളെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. ഡോ. ഇ. പ്രസാദ് സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ് ക്ലാസ്സുകൾ നയിച്ചു.
ജൂൺ 29 ന് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് 'എയ്ഗൺ വാല്യുവിന്റെ അപ്ലിക്കേഷൻ' എന്ന വിഷയത്തെ ആസ്പദമാക്കി നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഡെ ആചരിച്ചു. ഡോ. എം. ആർ സിന്ധുമോൾ, മദ്രാസ് യൂണിവേഴ്സിറ്റി ചെന്നൈ വെബിനാർ നയിച്ചു.
ജൂൺ 26 ന് മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വെബിനാർ നടത്തി. പ്രശസ്ത നോവലിസ്റ്റ് ഡോ. മനോജ് കരൂർ വിഷയാവതരണം നടത്തി.
മീഡിയ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 'ആക്ടിങ്ങ് ഫോർ സ്റ്റേജ് ആന്റ് സിനിമ' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഡ്രാമ ആന്റ് ഫൈൻ ആർട്ട്സ് ആക്ടർ ട്രെയിലർ ശ്രീ ശ്രീജിത്ത് ആർ, നേതൃത്വം നൽകി.
ലൈബ്രറി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'സെൽഫ് പബ്ലിഷിംഗ് എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ സംഘടിപ്പിച്ചു. എം.ജി യൂണിവേഴ്സിറ്റിയിലെ ശ്രീ വിമൽകുമാർ വി, വെബിനാർ നയിച്ചു.
ഹിന്ദി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'പര്യവരൺ സുരക്ഷ ഔർ നിയമ' എന്ന വിഷയത്തിൽ വെബിനാർ നടത്തി. പഞ്ചാബ് സെട്രൽ യൂണിവേഴ്സിറ്റിയിലെ ലീഗൽ സ്റ്റഡീസ് ഡീൻ പ്രൊഫ. തരുൺ അറോറ വെബിനാർ നയിച്ചു.
ഫോറൻസിക്ക് സയൻസിന്റെ ആഭിമുഖ്യത്തിൽ 'ട്രാൻസ്ഫോർമേഷൻ റ്റു ടെക്നോളജി' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കേംബ്രിഡ്ജ് യൂണിവേഴിസിറ്റി എവിഡന്റ് സെന്റർ പ്രൊഫസർ ലോറൻസ് ഷെർമാൽ നേതൃത്വം നൽകി.
പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ബോട്ടണി ഡിപ്പാർട്ട്മെന്റും നെയ്ച്ചർ ക്ലബും സംയുക്തമായി 'സെലിബ്രേറ്റി ബയോഡൈവേഴ്സിറ്റി അമിറ്റ് ദ പാൻഡമിക്' എന്ന വിഷയത്തിൽ വെബിനാർ നടത്തി. പ്രമുഖ വന ഗവേഷണ ശാസ്ത്രജ്ഞൻ ഡോ. റ്റി. വി സജീവ് നേതൃത്വം നൽകി.

6. **മത്സരങ്ങൾ**

കുക്കറി ക്ലബ് നടത്തിയ മാസ്റ്റർ ഷെഫ് മത്സരത്തിൽ സാന്തോം മാസ്റ്റർ ഷെഫായി ശ്രീ പി.ജെ ആന്റുവിനേയും, ബെസ്റ്റ് ന്യൂട്രീഷൻ ഡിഷ് വിഭാഗത്തിൽ ഡോ. വിമല ജോസിനേയും, ബെസ്റ്റ് പ്രസന്റേഷൻ അവാർഡിന് പ്രൊഫസർ സിന്ധു ജോർജ്ജിനേയും തെരഞ്ഞെടുത്തു.

സെന്റ് തോമാസ് അൽട്രനേറ്റീവ് ലേണിംഗ് സെല്ലിന്റെ (എസ്.റ്റി.എ.എൽ) നേതൃത്വത്തിൽ 'ജി.കെ എവരിഡെ' എന്ന ക്വിസ് പ്രോഗ്രാം ആകർഷകമായ സമ്മാനങ്ങളോടെ കോളേജ് വിദ്യാർത്ഥികൾക്കായി ജൂലൈ മാസത്തോടെ ആരംഭിച്ചു.

7. **അഡ്മിഷൻ**

യു.ജി., പി.ജി. 2020 അഡ്മിഷന്റെ പ്രവർത്തനങ്ങൾ 4 ഘട്ടങ്ങളിലായി ഓൺലൈൻ വഴി നല്ല രീതിയിൽ നടത്തി. ഡിഗ്രി വിദ്യാർത്ഥികൾക്കായി ഓൺലൈൻ പ്രിഅഡ്മിഷൻ കൗൺസിലിംഗ് സംഘടിപ്പിച്ചു.

8. **കോവിഡ്–19**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് ഡി.ഐ.ജി (പോലീസ്) ഓഫീസിലേക്ക് സാനിറ്റൈസർ നിർമ്മിച്ചു നൽകി.

**പി.വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ

# സാന്ത്വനം

**1. ഹരിത സാന്ത്വനം ജൈവപച്ചക്കറി വിപണനകേന്ദ്രം**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ഹരിത സാന്ത്വനം പദ്ധതി ജൈവ കാർഷിക ഉൽപന്നങ്ങളുടെ വിപണനകേന്ദ്രം ആഗോള പരിസ്ഥിതി ദിനമായ ജൂൺ 5 ന് തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ആദ്യ വിൽപന തൃശ്ശൂർ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അതിരൂപത പ്രൊക്യുറേറ്റർ ഫാ. വർഗീസ് കൂത്തൂരിന് കൈമാറി. ഈ ഉദ്ഘാടന കർമ്മത്തിൽ സാന്ത്വനം ചെയർമാൻ മോൺ.തോമസ് കാക്കശ്ശേരി, ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസോ. ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി, അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ, വിവിധ സന്യാസ സഭകളിലെ മേജർ സുപ്പീരിയേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു. നമ്മുടെ നാട്ടിലെ കർഷകർക്ക് അവരുടെ കാർഷിക ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും വിഷരഹിതമായ നല്ല പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വേണ്ടി ആരംഭിച്ചിട്ടുള്ള സംരംഭമാണ് ഹരിതസാന്ത്വനം ജൈവ കാർഷിക ഉത്പന്ന വിപണനകേന്ദ്രം. ഈ വിപണന കേന്ദ്രം എല്ലാ ആഴ്ചയിലും ചൊവ്വ, വ്യാഴം എന്നീ ദിവസങ്ങളിൽ ആർച്ച് ബിഷപ്പ് ഹൗസിൽ പ്രവർത്തിക്കുന്നതാണ്. തദവസരത്തിൽ കൃഷിയെ ജീവവായു ആയി കരുതി 40 വർഷത്തോളം കഠിനാധ്വാനം ചെയ്ത സി. ബെലീന സി.എം.സി.യയെ അതിരൂപതാദ്ധ്യക്ഷൻ പൊന്നാട അണിയിച്ച് ആദരിച്ചു.

**2. ഹരിത സാന്ത്വനം നഴ്സറി**

ഹരിത സാന്ത്വനം പദ്ധതിയുടെ മുന്നോടിയായി തുടങ്ങിയ ജൈവ കാർഷിക വിപണനകേന്ദ്രത്തിനോടു കൂടി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ഹരിത സാന്ത്വനം നഴ്സറിക്ക് തുടക്കം കുറിച്ചു. എല്ലാ വീടുകളിലും ജൈവ പച്ചക്കറികളും ഫലവർഗ്ഗങ്ങളും ഉണ്ടാക്കുന്നതിനും അങ്ങനെ സ്വയം പര്യാപ്തത കൈവരിക്കുവാനും വേണ്ടി ഏവരേയും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ തുടക്കം കുറിച്ചതാണ് ഹരിത സാന്ത്വനം നഴ്സറി. ജൂൺ 16 ന്

ആർച്ച് ബിഷപ്പ് ഹൗസിൽ വെച്ച് സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ,അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, അതിരൂപത പ്രൊക്യുറേറ്റർ ഫാ.വർഗീസ് കൂത്തൂർ എന്നിവർ സന്നിഹിതരായിരുന്നു.

3. **ആശാകിരണം**

കാരിത്താസ് ഇന്ത്യയും തൃശ്ശൂർ സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന ആശാകിരണം കാൻസർ കെയർ ക്യാമ്പയിൻ കോവിഡ് കാലത്തും സജീവപ്രവർത്തനങ്ങളുമായി മുന്നേറുന്നു. ഹരിത സാന്ത്വനം എന്ന പേരിൽ തുടങ്ങിയ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ ജൈവകൃഷിയുമായി ബന്ധപ്പെട്ട വിവിധ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇരുന്നൂറിലേറെ പേരെ ഉൾപ്പെടുത്തികൊണ്ടുള്ള ഈ പദ്ധതിയുടെ ഭാഗമായി വീടുകളിൽ പച്ചക്കറിത്തോട്ടം എന്ന ആശയത്തോടെ എല്ലാവരും ജൈവകൃഷി ആരംഭിച്ചു. കൃഷിയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങളെക്കുറിച്ചറിയാനും സംശയങ്ങൾ ചോദിക്കാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ആശാകിരണം പ്രോജക്ടിനോട് സഹകരിച്ചുകൊണ്ട് പുതുതായി 70-ഓളം വളണ്ടിയേഴ്സിനെ കാൻസർ കെയർ ക്യാമ്പയിൻ പ്രോജക്ടിന്റെ ഭാഗമാക്കാൻ കഴിഞ്ഞു. നിലവിൽ 1070 ഓളം വളണ്ടിയേഴ്സ് ആശാകിരണവുമായി സഹകരിക്കുന്നു.

4. **സാന്ത്വനഭവനങ്ങൾ ആശീർവദിച്ചു**

തൃശ്ശൂർ അതിരൂപതയുടെ പ്രളയാന്തര പുനരുദ്ധാരണ പദ്ധതിയായ 'സേവ് തൃശ്ശൂർ' പദ്ധതിയിലൂടെയും സാന്ത്വനത്തിന്റെ ഹൗസിങ്ങ് പ്രോജക്ട് പദ്ധതിയുടെയും സാന്ത്വനത്തിന്റെ നേതൃത്വത്തിൽ 15 വീടുകളുടെ നിർമാണം പൂർത്തീകരിച്ചു. മരത്താക്കര, പൊറത്തൂർ, ചിറ്റിശ്ശേരി, പഴുവിൽ, തൈക്കാട്ടുശ്ശേരി, എന്നീ ഇടവകകളിൽ ഓരോ ഭവനവും അരിമ്പൂർ ഇടവകയിൽ മനക്കൊടി സെന്റ് ക്ലെയർ നഗറിൽ 5 ഭവനവും മാന്ദാമംഗലം ഇടവകയിൽ 3 ഭവനവുമാണ് നിർമാണം പൂർത്തീകരിച്ചത്. അതാതു സ്ഥലങ്ങളിലെ ഇടവക വികാരിമാർ ആശീർവാദകർമ്മങ്ങൾക്ക് നേതൃത്വം നൽകി. മനക്കൊടി സെന്റ് ക്ലെയർ നഗറിൽ 2 ഭവനങ്ങളും, ചിറ്റിശ്ശേരിയിലെ ഒരു ഭവനവും അതിരൂപത ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്തും, മറ്റം ഇടവകയിൽ 5 ഭവനങ്ങൾ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിലും ആശീർവദിച്ചു. ചടങ്ങിൽ സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസോ. ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി, അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ, സാന്ത്വനം മുൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി എന്നി

വർ സന്നിഹിതരായിരുന്നു.

5. **സ്വയം സഹായ സംഘങ്ങളുടെ യോഗങ്ങൾ**

സാന്ത്വനത്തിന്റെ കീഴിൽ പുതിയ JLG, SHG കൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വേലുപ്പാടം, ഒല്ലൂർ പനംകുറ്റിച്ചിറ എന്നി ഇടവകളിൽ ഫാ. ജോസ് വട്ടക്കുഴി, കോർഡിനേറ്റർ ശ്രീമതി ബീന വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ യോഗങ്ങൾ സാമൂഹിക അകലം പാലിച്ച് നടത്തുകയുണ്ടായി. പുതിയ JLGയും SHGയും തുടങ്ങുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇടവക വികാരിമാർ, അസി. വികാരിമാർ എന്നിവർ പങ്കെടുത്തു.

6. **ഗോഡ്സ് ഓൺ ഫാമിലി, ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവ മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.**

നെല്ലങ്കര-Rs.12,000/–, കാച്ചേരി-Rs.12,000/–, ഇരവിമംഗലം -Rs.13,259/–,കല്ലൂർ-Rs.10,000/–,വെട്ടുക്കാട്-Rs.14,000/–, കുറ്റൂർ-Rs.10,000/–, നടത്തറ-Rs.7,000/–, ചേലക്കര-Rs.20,000/–.

7. **നവജീവൻ**

കാരിത്താസ് ഇന്ത്യയും തൃശ്ശൂർ സാന്ത്വനവും സഹകരിച്ചു നടത്തുന്ന നവജീവൻ പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നവജീവൻ പദ്ധതി ഒരു ദുരന്തനിവാരണ പദ്ധതിയാണ് പ്രകൃതി ദുരന്തങ്ങൾക്ക് മുൻകരുതൽ എടുക്കുന്നതിനും അതിനുവേണ്ട പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനും വേണ്ടിയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി ചാഴൂർ പാഞ്ചയത്തിന്റെ വിവിധ വാർഡുകളിൽ വിതരണം ചെയ്യാനായി സാന്ത്വനം അസോ. ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി, പച്ചക്കറി കിറ്റുകൾ ചാഴൂർ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ജ്യോതി കനകരാജനു കൈമാറി.

8. **ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുത്തു**

കാരിത്താസ് ഇന്ത്യ, രൂപതകളിലെ പുതിയ സോഷ്യൽ സർവ്വീസ് ഡയറക്ടർമാർക്കായി 3 ദിവസത്തെ ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം നടത്തുകയുണ്ടായി. അതിൽ തൃശ്ശൂർ അതിരൂപതയിലെ സാമൂഹ്യ ക്ഷേമ വിഭാഗമായ സാന്ത്വനത്തെ പ്രതിനിധീകരിച്ച് അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ പങ്കെടുത്തു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

# കുടുംബക്കൂട്ടായ്മ



**കുടുംബകൂട്ടായ്മ ജനറൽ ബോഡി യോഗം**

തൃശ്ശൂർ അതിരൂപതയുടെ കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ ജനറൽ ബോഡി യോഗം സൂം മീറ്റിംഗ് വഴി നടത്തപ്പെടുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കോവിഡ് കാലത്തും കോവിഡാനന്തര കാലത്തും നമ്മുടെ കുടുംബങ്ങളിൽ ആത്മീയ സാമ്പത്തിക സാമൂഹ്യ മേഖല കളിൽ കുടുംബ കൂട്ടായ്മ ഭാരവാഹികൾ ശ്രദ്ധ ചെലുത്തണമെന്ന് അഭിവന്ദ്യ പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഊന്നി പറ ഞ്ഞു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സൂം മീറ്റിംഗിൽ മോഡറേറ്ററായിരുന്നു. ജനറൽ ബോഡി അംഗങ്ങൾ എല്ലാവരും കോവിഡ് കാലത്ത് ഇടവകയിൽ ചെയ്ത അവരുടെ പ്രവർത്തന ങ്ങൾ പങ്കുവയ്ക്കുകയും ഒപ്പം തന്നെ കുടുംബങ്ങളിലെ, ഇടവകയി ലെ, പ്രവാസികളുടെ പ്രതിസന്ധികളും, ആകുലതകളും ചർച്ച ചെയ്യു കയും പല നല്ല നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തു. വളരെ വിശേഷമായ രീതിയിൽ നടത്തപ്പെട്ട സൂം മീറ്റിംഗ് അതിരൂ പത കുടുംബകൂട്ടായ്മ ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ, അസി. ഡയറക്ടർ റവ. ഫാ. ജിന്റോ ചൂണ്ടൽ, ജനറൽ കൺവീനർ ശ്രീ. പോൾ പാറക്കൽ, ജനറൽ സെക്രട്ടറി ശ്രീ. ഷിന്റോ മാത്യു, ട്രഷറർ ശ്രീ. ജിനീഷ് വടക്കുംഞ്ചേരി, ശ്രീ. ജെയ്സൻ മാണി, ശ്രീ. ഷെറിൻ ഡേവിസ് എന്നിവർ നേതൃത്വം നൽകി. കുടുംബകൂട്ടായ്മ ജനറൽബോഡിയിൽ വന്ന നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരി ക്കുന്നത്.

1. **പലിശ രഹിത വായ്പ:** കോവിഡ് 19 പശ്ചാത്തലത്തിൽ ഒത്തിരി കുടുംബങ്ങൾ സാമ്പത്തികമായി കഷ്ടപ്പെടുന്ന ഈ സമയത്ത് ഇടവക കേന്ദ്രീകരിച്ച് പലിശ രഹിത വായ്പ നൽകുകയും അതു വഴി ചെറുകിട സംരംഭങ്ങൾ, തുടങ്ങുവാൻ സഹായിക്കത്തക്ക പദ്ധ തികൾ ഒരുക്കുവാൻ നേതൃത്വം കൊടുക്കുക.

2. **ഭവന സന്ദർശനം:** കോവിഡ് പശ്ചാത്തലത്തിൽ വീടുകൾ കയറിയുള്ള ഭവനസന്ദർശനം നടത്താൻ പറ്റാത്ത സന്ദർഭത്തിൽ ഫോൺ വഴി കുടുംബങ്ങളുമായി ബന്ധപ്പെടുവാനും പ്രത്യേകിച്ച് പ്രായമായവർ മാത്രം കഴിയുന്ന കുടുംബങ്ങളിൽ ഫോൺ വഴി ബന്ധപ്പെടുവാനും പരിശ്രമിക്കണം. ഇതിനെ ബഹു. വികാരിയച്ചന്മാരും സിസ്റ്റേഴ്സും കുടുംബകൂട്ടായ്മ ഭാരവാഹികളും നേതൃത്വം കൊടുക്കാൻ പരിശ്രമിക്കുക.
3. **കൃഷിയെ പ്രോത്സാഹിപ്പിക്കുക:** നമ്മുടെ ഇടവകകളിൽ കൃഷി ചെയ്യാതെ തരിശ് ഭൂമികളായി കിടക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ടവരുമായി സംസാരിച്ച് ഇത്തരം സ്ഥലങ്ങൾ കൃഷിയോഗ്യമാക്കുവാൻ വികാരിയച്ചന്മാരും കുടുംബകൂട്ടായ്മ ഭാരവാഹികളും നേതൃത്വം വഹിക്കുക.
4. **ജാഗരൂകരായിരിക്കുക:** കോവിഡ് കാലത്ത് പല തരത്തിലുള്ള തെറ്റായ പ്രബോധകരും നിരീശ്വരവാദികളും വിശ്വാസികളെ സഭയിൽ നിന്നും ഈശ്വര വിശ്വാസത്തിൽ നിന്നും അകറ്റുവാൻ പല കുൽസിത പ്രവർത്തനങ്ങൾ നടത്തുന്നതുകൊണ്ട് ജാഗരൂകരായിരിക്കുവാൻ വിശ്വാസികളെ ഓർമ്മപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
5. **വോട്ട് ഉറപ്പുവരുത്തുക:** വരാൻ പോകുന്ന തദ്ദേശിയ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ഇതിനകം കരട് വോട്ടർപ്പട്ടിക പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അർഹരായവരുടെ പേരുകൾ വോട്ടർപട്ടികയിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുകയും ഇല്ലായെങ്കിൽ പേരു ചേർക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കാൻ കുടുംബകൂട്ടായ്മ ഭാരവാഹികൾ ശ്രദ്ധിക്കുക.
6. **ഭവന കൂട്ടായ്മകൾ സജീവമാക്കുക:** കുടുംബകൂട്ടായ്മകൾ നടത്താൻ പറ്റാത്ത സാഹചര്യത്തിൽ ഭവനകൂട്ടായ്മകൾക്കായി ദൈവാലയത്തിൽ വി. ബലിയർപ്പിക്കുകയും തുടർന്ന് ദൈവാലയത്തിൽ തന്നെ ഭവനകൂട്ടായ്മകൾ നടത്താൻ നേതൃത്വം കൊടുക്കുകയും ചെയ്യുക.
7. **കുടുംബകൂട്ടായ്മകൾക്കായുള്ള ദിവ്യബലി:** കുടുംബകൂട്ടായ്മകൾ ഭവനങ്ങളിൽ കൂടാൻ പറ്റാത്ത സാഹചര്യത്തിൽ യൂണിറ്റ് അടിസ്ഥാനത്തിൽ ദിവ്യബലിയർപ്പിച്ച് ദൈവാലയത്തിൽ വച്ച് കുടുംബകൂട്ടായ്മകൾ നടത്താൻ സാധിക്കുമോ എന്ന് നോക്കുക.
8. **വിശ്വാസികളെ ശക്തിപ്പെടുത്തുക:** വി. ബലിയിൽ സംബന്ധിക്കാൻ ഭയപ്പെട്ടു നിലക്കുന്ന ആളുകളെ ബോധവൽക്കരിക്കാനും ശക്തിപ്പെടുത്താനും കുടുംബകൂട്ടായ്മ ഭാരവാഹികൾ ശ്രദ്ധിക്കുക.

9. **സാമ്പത്തിക ലോൺ പദ്ധതി:** ഇടവകയിലെ സാമ്പത്തികമായി നില വാരം പുലർത്തുന്ന ആളുകളുടെ കയ്യിൽ നിന്നും പണം സ്വരൂപിച്ച് ലോൺ സമ്പ്രദായത്തിലൂടെ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് ചെറുകിട സംരംഭങ്ങൾക്കും സെക്രട്ടറി മറ്റുമായി പ്രോത്സാഹിപ്പി ക്കുകയും കുടുംബകൂട്ടായ്മ ഭാരവാഹികൾ നേതൃത്വം കൊടുക്കു കയും ചെയ്യുക.
10. **ഇടവക ചന്ത:** നമ്മുടെ ഭവനങ്ങളിൽ ഉണ്ടാക്കുന്ന പച്ചക്കറികൾ അതു പോലെയുള്ള മറ്റുൽപന്നങ്ങൾ ഇടവക കേന്ദ്രീകരിച്ച് വിറ്റഴി ക്കാൻ ആഴ്ച ചന്തകൾ സംഘടിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുക.
11. **പ്രവാസികളെ ശക്തിപ്പെടുത്തുക:** ജോലിയില്ലാതെ നാട്ടിലേക്ക് തിരി ച്ചുവരുന്ന പ്രവാസികളുടെയും അന്യ സംസ്ഥാന കാരുടെയും ഡാറ്റ ബാങ്ക് (ഇടവക/ഫൊറോന/അതിരൂപത തലത്തിൽ) തയ്യാറാക്കുക.
12. **ചെറുകിട വ്യവസായ സംരംഭങ്ങൾ:** ജോലി നഷ്ടപ്പെട്ട് വരുന്ന പ്രവാസികളുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും അവർക്ക് സാധ്യമാ കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ പ്രോത്സാ ഹനവും സഹായവും ചെയ്യുക.
13. **ആനുകൂല്യങ്ങളും സബ്സിഡികളും പരിചയപ്പെടുത്തുക:** ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന സബ്സിഡികളും ആനുകൂല്യ ങ്ങളും സ്കോളർഷിപ്പുകളും പരമാവധി ആളുകളിലേക്ക് എത്തി ക്കുവാൻ കുടുംബകൂട്ടായ്മ ഭാരവാഹികൾ നേതൃത്വം വഹിക്കുക.
14. **വി. കുർബാന ആരംഭിക്കുക:** ഇനിയും വി. കുർബാന സർക്കാർ അനുവദിച്ച മാനദണ്ഡങ്ങളോടു കൂടെ ആരംഭിക്കാത്ത സ്ഥലങ്ങ ളിൽ ആവശ്യമായ ബോധവൽക്കരണം നൽകി ആരംഭിക്കാൻ നേതൃത്വം കൊടുക്കുക.
15. **കൗദാശിക ജീവിതം പുനർജീവിപ്പിക്കുക:** പള്ളിയിൽ പോകാതെ വീട്ടിൽ ഇരുന്ന് ടിവിയിൽ വി. കുർബാന കണ്ടാൽ മതിയെന്ന മനോ ഭാവം വിശ്വാസികളിൽ വർദ്ധിച്ചു വരുന്നതായി തോന്നുന്നു. ഇതി നെതിരായി ബോധവൽക്കരണം നൽകുവാൻ (പ്രത്യേകിച്ച് യുവജ നങ്ങൾക്ക്) ശ്രദ്ധിക്കുക.
16. **യുവജന കുർബാന:** കുടുംബകൂട്ടായ്മയുടെ അടിസ്ഥാനത്തിൽ ഇടവകയുടെ യുവജനങ്ങൾക്കായി വി.ബലിയും തുടർന്ന് അവരുടെ കൂട്ടായ്മയും സംഘടിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കുക.
17. **സംഘടന കൂട്ടായ്മകൾ:** ഇടവകയിലെ സംഘടനകളുടെ അടിസ്ഥാ നത്തിൽ വി. ബലിയും തുടർന്ന് അവരുടെ കൂട്ടായ്മയും സംഘടി പ്പിക്കുന്നത് നല്ലതാണ്.

**18. വിശ്വാസപരിശീലനം:** വേദോപദേശം ഓൺലൈനിൽ ആയി വളരെ നന്നായി നടത്തപ്പെടുന്നുണ്ട്. പക്ഷെ അത് ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വേണ്ട വിധം എത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**19. ലളിത ജീവിതം അഭ്യസിക്കുക:** ഈ കാലഘട്ടത്തിൽ കോവിഡ് നമ്മെ പഠിപ്പിച്ച ലളിത ജീവിത ശൈലി കോവിഡാനന്തര കാലത്തും പരിശീലിക്കാൻ ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുക.

**20. സ്വയം സഹായ സംഘങ്ങൾ:** അതിരൂപത സാന്ത്വനമായി ബന്ധപ്പെട്ട് സ്വയം സഹായ സംഘങ്ങൾ ഇടവകയിൽ രൂപീകരിക്കുവാനും അതിനായി അതിരൂപത സോഷ്യൽ ആക്ഷനുമായി ബന്ധപ്പെടുത്തി വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

**21. കൗൺസിലിങ്ങ് സൗകര്യം:** പ്രായമായവർ മാത്രമുള്ള ഭവനങ്ങളിൽ പേടിയോടും ഒറ്റപ്പെടലോടും കൂടി കഴിയുന്നവരെ കുടുംബകൂട്ടായ്മ നേതൃത്വത്തിൽ ഫോണിലൂടെ കൗൺസിലിങ്ങ് നടത്തുകയും, അവരോട് വിശേഷങ്ങൾ ആരായുകയും വഴി അവരെ ശക്തിപ്പെടുത്തുകയും മറ്റും ചെയ്യാൻ പരിശ്രമിക്കുക.

**22. ഇൻഷുറൻസ് പദ്ധതി:** എല്ലാ കുടുംബങ്ങളും ഏതെങ്കിലും ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കുകയും അതു വഴി ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് കുടുംബകൂട്ടായ്മ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

**23. കേന്ദ്രസമിതി സഹായ ഫണ്ട്:** ഇടവക കേന്ദ്രസമിതിക്ക് ഫണ്ടില്ലാത്ത സന്ദർഭത്തിൽ വികാരിയച്ചനുമായി ഇടവകയിൽ നിന്ന് നിശ്ചിത സംഖ്യ കേന്ദ്രസമിതിക്ക് കൈമാറി സാമൂഹിക ഇടപെടലുകളും സഹായങ്ങളും നൽകുന്നതിനായി ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി




1. **കോവിഡ് പ്രതിരോധ ഉപകരണ വിതരണം**
   ഗ്ലോബൽ സമിതിയുടെ സഹായത്തോടെ കോവിഡ് പ്രതിരോധ ഉപകരണങ്ങളായ ഷീൽഡ്, മാസ്ക് തുടങ്ങിയവ വിതരണം ചെയ്തു.
2. **കർഷക നിൽപ്പ് സമരം സംഘടിപ്പിച്ചു**
   കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ കർഷകരെ കൂടി സംരക്ഷിമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കർഷകർക്കായി നിൽപ്പ് സമരം സംഘടിപ്പിച്ചു. വിവിധ ഫൊറോനകളിൽ വച്ചായിരുന്നു പ്രതിഷേധം.
3. **വീരമൃത്യ വരിച്ച ജവാന്മാർക്ക് ആദരവ്**
   വീരമൃത്യു വരിച്ച ജവാന്മാർക്കുള്ള ആദരവും ബഹുമാനവും അയ്യന്തോളിലെ അമർ ജവാൻ ജ്യോതിയിൽ സംഘടിപ്പിച്ചു. പുഷ്പാർച്ചന നടത്തികൊണ്ടാണ് സംഘടിപ്പിച്ചത്.
4. **തദ്ദേശ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ**
   വോട്ടർ പട്ടിക പരിശോധന, പേര് ചേർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ യൂണിറ്റ് തലങ്ങളിൽ നടന്നുവരുന്നു. തദ്ദേശ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള മറ്റ് ഒരുക്കങ്ങളും പൊളിറ്റിക്കൽ ഫോറത്തിന്റെ നേതൃത്വത്തിൽ തുടരുന്നു.
5. **T.V. വിതരണം**
   ഗ്ലോബൽ സമിതിയുടെ സഹകരണത്തോടെ നിർധനരായ വിദ്യാർത്ഥികൾക്കുള്ള ടി.വി. വിതരണ ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ. പി. ജാക്സൺ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




# സി.എൽ.സി.

1. **അതിരൂപതതല ഇഗ്നേഷ്യസ് ലൊയോള ദിനം**
   അതിരൂപത തല ഇഗ്നേഷ്യസ് ലൊയോള ദിനം ഓഗസ്റ്റ് 2 ഞായറാഴ്ച ആചരിക്കുന്നു. കോവിഡ് 19 ന്റെ സാഹചര്യത്തിൽ ഈ വർഷം ആഗസ്റ്റ് 2 ഞായറാഴ്ച, രാവിലെ ഡിബിസിഎൽസി യിൽ നടക്കുന്ന തിരുകർമ്മങ്ങൾക്ക് അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ കാർമികത്വം വഹിക്കും. അതിരൂപത സിഎൽസി ഡയറക്ടർ ഫാ. ജിയോ തെക്കിയത്ത്, അസിസ്റ്റന്റ് പ്രൊമോട്ടർമാരായ ഫാ. ഫ്രജോ വാഴപ്പിള്ളി, ഫാ. ജിക്സൺ മാളോക്കാരൻ എന്നിവർ സഹകാർമികത്വം വഹിക്കും. വിശുദ്ധ ബലിയിൽ വിശുദ്ധ ഇഗ്നേഷ്യസ് ലൊയോളയെ കുറിച്ചുള്ള സന്ദേശവും, വിശുദ്ധന്റെ ഛായചിത്രത്തിൽ പുഷ്പാർച്ചനയും നടത്തുന്നതായിരിക്കും, അതിരൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കാണ് വിശുദ്ധ ബലിയിൽ പങ്കെടുക്കാനുള്ള അവസരം.
2. **ഇടവകതല ഇഗ്നേഷ്യസ് ലൊയോള ദിനാചരണം**
   കോവിഡ് 19 ന്റെ സാഹചര്യത്തിൽ, കോവിഡ് പ്രോട്ടോകോൾപാലിച്ചു, ബഹുമാനപെട്ട വികാരിയാച്ചന്മാരുടെ അനുവാദത്തോടെ ഇടവകയിൽ ഇഗ്നേഷ്യസ് ലൊയോള അനുസ്മരണ ദിനമായ ജൂലൈ 31 നു പതാക ഉയർത്തലും, വിശുദ്ധന്റെ ഛായചിത്രത്തിൽ പുഷ്പാർച്ചനയും നടത്താവുന്നതാണ്.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി



# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

1. **കോവിഡ് സാഹചര്യം**

ഇന്നത്തെ പ്രത്യേക സാഹചര്യം ഞാൻ വിശദീകരിക്കേണ്ടതില്ലല്ലോ. കോവിഡ് മഹാമാരി മൂലം പൊതുചടങ്ങുകളും സമ്മേളനങ്ങളും സംഘടിപ്പിക്കാൻ നമുക്ക് സാധിക്കുന്നില്ല. വാർഷിക കർമ്മപദ്ധതി വിതരണം ചെയ്യാനാകാത്തതിൽ ഖേദമുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും ചില പ്രവർത്തനങ്ങൾ അരങ്ങേറിയെന്നത് ആശ്വാസകരം തന്നെ.

2. **പുകയില വിരുദ്ധദിനം**

ആഗോള പുകയില വിരുദ്ധദിനം ഏതാനും യൂണിറ്റുകൾ സമുചിതമായി ആചരിക്കുകയും ചിത്രങ്ങൾ മദ്യവിരുദ്ധ ഗ്രൂപ്പുകളിൽ പ്രചരിപ്പിക്കുകയും ചെയ്തു. വടക്കാഞ്ചേരി, കുമ്പളങ്ങാട്, കിള്ളിമംഗലം, ചേലക്കര, ഒല്ലൂർ, പാലയ്ക്കൽ, പഴുവിൽ, വലപ്പാട്, മുല്ലക്കര, മുക്കാട്ടുകര, കുരിയച്ചിറ, സരിതപുരം തുടങ്ങിയ പള്ളികളിൽ പരിപാടികൾ അരങ്ങേറി.

3. **കരിദിനം ആചരിച്ചു**

കേരളജനതയെ കുടിപ്പിച്ചു കൊല്ലാനുള്ള സർക്കാരിന്റെ മദ്യവ്യാപാരവ്യാപനവ്യഗ്രതയെ അപലപിച്ചുകൊണ്ട് തൃശൂർ കളക്ടറേറ്റിനു മുന്നിൽ മെയ് 20 ന് തൃശൂർ അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പ്രതിഷേധം നടത്തി. വായിൽ കരിന്തുണി കെട്ടിയും 'കുടുംബങ്ങളെ തകർക്കരുത്' എന്നെഴുതിയ പ്ലാക്കാഡുകൾ കൈകളിലേന്തിയുമായിരുന്നു പ്രതിഷേധം.

4. **കളക്ടറേറ്റിനു മുന്നിൽ പ്രതിഷേധം**

മദ്യവിരുദ്ധ ജനകീയമുന്നണി 25–ാം തീയതി കളക്ടറേറ്റിനു മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ പരിപാടിയിൽ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷണം നടത്തി. സ്വാമി പുരുഷോത്തമാനന്ദസരസ്വ

തിയായിരുന്നു ഉദ്ഘാടകൻ. സി.സി. രാജൻ, പി.എൽ. ആന്റണി തുടങ്ങിയവർ പ്രസംഗിച്ചു. മദ്യശാലകൾ തുറന്നു കൊടുത്ത് കുടുംബങ്ങൾ തകർക്കുന്ന സർക്കാർ തല മറന്ന് എണ്ണ തേയ്ക്കുകയാണ്.

**5. 'രോഷാഗ്നി' തെളിയിച്ചു**

അച്ഛന്റെ മദ്യപാനം മൂലം ആത്മഹത്യ ചെയ്ത അപർണ്ണയെന്ന വിദ്യാർത്ഥിനിക്ക് പ്രണാമമർപ്പിച്ചും ഇതിനുത്തരവാദി മദ്യശാലകൾ തുറന്നു കൊടുത്ത സർക്കാരാണെന്ന് വിളിച്ചുപറഞ്ഞും മദ്യവിരുദ്ധ പ്രവർത്തകർ ജൂൺ 12-ാം തീയതി 'രോഷാഗ്നി' തെളിയിച്ചു. കേന്ദ്ര തലത്തിൽ ഡയരക്ടറച്ചൻ, ഡേവീസ് സി.പി. (പ്രസിഡണ്ട്), അബ്രഹാം (സെക്രട്ടറി), പോൾ പാലയൂർ (ഫൊറോന പ്രസിഡണ്ട്), ബ്രദർ ജെയിംസ് MMB, ബ്രദർ സെബാസ്റ്റ്യൻ MMB എന്നിവർ നേതൃത്വം നൽകി. കുമ്പളങ്ങാട്, വടക്കാഞ്ചേരി, കോടന്നൂർ, ചേർപ്പ്, പഴുവിൽ, മുല്ലക്കര, ഒല്ലൂർ, നെല്ലങ്കര തുടങ്ങിയ യൂണിറ്റുകളും തിരി തെളിയിച്ചു സഹകരിച്ചതിൽ സന്തോഷമുണ്ട്. നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**6. വാ. മാറ്റ് ടാൽബോത്ത് അനുസ്മരണം**

മദ്യപാനികളുടെയും മദ്യവിരുദ്ധ പ്രവർത്തകരുടെയും സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വാ. മാറ്റ് ടാൽബോത്തിന്റെ അനുസ്മരണദിനമായ ജൂൺ 16 ന് മദ്യവിരുദ്ധ പ്രവർത്തകരും ലഹരിവിമുക്താർത്ഥികളും NEST ൽ ഒത്തുകൂടി. ഡയറക്ടർ ഫാ. ടിജോ മുള്ളക്കര എല്ലാവരെയും സഹർഷം സ്വാഗതം ചെയ്തു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ചു അനുസ്മരണപ്രഭാഷണം നടത്തി. മാറ്റ് ടാൽബോത്തിന്റെ ജീവിതം പഠിച്ച് പ്രചോദനം പ്രാപിക്കണമെന്നാണ് അച്ചൻ ഊന്നിപ്പറഞ്ഞത്. ഇതിനോടനുബന്ധിച്ച് ചേർന്ന സമ്മേളനത്തിൽ മുൻ പ്രസിഡണ്ട് എം.കെ. ബാബു, ഡോ. സി. ബീന സി.എം.സി. എന്നിവർ ആശംസകൾ അർപ്പിച്ചു. സെക്രട്ടറി അബ്രഹാം വടക്കാഞ്ചേരി കൃതജ്ഞതാപ്രകാശനം നടത്തി. സ്നേഹവിരുന്നോടു കൂടി അനുസ്മരണപരിപാടികൾ പര്യവസാനിച്ചു. സംബന്ധിച്ചവർക്കെല്ലാം പ്രത്യേകം നന്ദി.

**7. ആഗോള ലഹരിവിരുദ്ധ ദിനം**

കോവിഡ് 19 ന്റെ ഭീതിയും ഭീഷണിയും തൃണവൽഗണിച്ച് അതേസമയം സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിയന്ത്രണങ്ങൾ പാലിച്ച് മദ്യവിരുദ്ധസമിതി അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം സമുചിതമായി ആചരിച്ചു. ദൈവത്തിന്റെ സ്വന്തം നാട്ടിൽ മദ്യപ്രളയം സൃഷ്ടിക്കുന്ന സർക്കാരിന്റെ മദ്യനയത്തെ അപലപിച്ചുകൊണ്ട് 'കേരളം പിന്നോട്ട് മദ്യനയത്തിലൂടെ' എന്നെഴുതിയ പ്ലക്കാർഡുകൾ

പ്രദർശിപ്പിച്ച് ഓട്ടുപാറ എക്സൈസ് സർക്കിൾ ഓഫീസ്, വിയ്യൂർ പോലീസ് സ്റ്റേഷൻ, ചേറൂർ പോസ്റ്റോഫീസ്, തൃശൂർ താലൂക്ക് ഓഫീസ് എന്നിവയുടെ മുമ്പിലാണ് ജൂൺ 26 ന് രാവിലെ പ്രതീകാത്മകമായി പ്രതിഷേധസമരം സംഘടിപ്പിച്ചത്.

**8. കോർ കമ്മിറ്റി**

ജൂലൈ 12 ഞായറാഴ്ച കാലത്ത് 10 മണിക്ക് മദ്യവിരുദ്ധസമിതിയുടെ കോർ കമ്മിറ്റി ഓഫീസിൽ കൂടി. കൊച്ചുവർക്കിയുടെ പ്രാർത്ഥനയോടെയായിരുന്നു തുടക്കം. തുടർന്ന് ഡയരക്ടറച്ചൻ എല്ലാവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്തു. പ്രസിഡണ്ട് സി.പി. ഡേവീസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പി.ആർ.ഒ. പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ




കോവിഡ് മഹാമാരിയുടെ ദുരന്തവുമായി കഴിയുന്ന തൊഴിലാളികൾക്കായി തൃശൂർ അതിരൂപതയിലെ കേരള ലേബർ മൂവ്മെന്റ് ചെയ്ത പ്രവർത്തനങ്ങൾ താഴെ സംക്ഷിപ്തമായി രേഖപ്പെടുത്തുന്നു.

**1. ഭക്ഷ്യ വസ്തുക്കൾ, മാസ്ക് എന്നിവയുടെ വിതരണം**

കോവിഡ് മഹാമാരിയുടെ ക്ഷതം ഏറ്റവുമധികം ഏല്പിക്കപ്പെട്ട വിഭാഗം തൊഴിലാളികളാണ്, പ്രത്യേകിച്ചും അസംഘടിത തൊഴിലാളികൾ. തൊഴിലാളികളുടെ ദിവസ വേതനം മാത്രം ആശ്രയിച്ച് ജീവിച്ചു പോന്നിരുന്ന കുടുംബങ്ങളാണ് ആദ്യം പട്ടിണിയിലായത്. കെ.എൽ.എം.ന്റെ ഇടവക യൂണിറ്റുകൾ കേന്ദ്രീകരിച്ച് ഈ തൊഴിലാളികളെ ഭക്ഷ്യ വസ്തുക്കൾ പ്രത്യേകിച്ച് അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറി എന്നിവ സംഘടിപ്പിച്ച് വിതരണം ചെയ്തും കടകളിൽ നിന്നും സബ്സീഡി നല്കുന്ന വിധത്തിൽ കൂപ്പണുകൾ നല്കിയും കെ.എൽ. എം.ന്റെ പല യൂണിറ്റുകളും

അവരുടെ സ്ഥലങ്ങളിൽ സഹായം നല്കുകയുണ്ടായി. പാലയൂർ, പള്ളിക്കുന്ന്, പേരാമംഗലം, കരുമത്ര, ചിറ്റാട്ടുകര പുരുഷ വിഭാഗവും സ്ത്രീ വിഭാഗവും, ഏനാമ്മാവ്, മുണ്ടൂർ തുടങ്ങിയവ ഏതാനും ഉദാഹരണങ്ങൾ മാത്രം. കുറെയേറെ യൂണിറ്റുകൾ ഇടവകയുടെ ഏകോപന സമിതിയുമായി യോജിച്ച് ഇടവകകൾ പൊതുവായി ചെയ്ത സഹായപരിപാടികളിൽ പങ്കാളികളായി. ഏതാനും ഇടവകകളിൽ കെ.എൽ.എം. യൂണിറ്റുകൾ മാസ്ക് നിർമിച്ച് ആദ്യഘട്ടത്തിൽ സൗജന്യമായും പിന്നീട് ന്യായമായ വില നിശ്ചയിച്ചും നല്കുകയും ചെയ്തു.

2. **സാമ്പത്തിക സഹായം**

തുടർച്ചയായി ലോക്ഡൗൺ പ്രഖ്യാപിച്ചതിനാൽ തൊഴിലാളികളിൽ പലർക്കും ദിവസ വരുമാനം ഇല്ലാതെയായി. അത്തരം സാഹചര്യത്തിൽ തൊഴിൽ ദിനങ്ങളും തൊഴിലും നഷ്ടപ്പെട്ടവർക്ക് ചില യൂണിറ്റുകളും സ്വയം സഹായ സംഘങ്ങളും കെ.എൽ.എം. നേതൃത്വം നല്കിവരുന്ന തൊഴിലാളി ഫോറങ്ങളും അവയുടെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി നീക്കിവെച്ചിരുന്നതും, അംഗങ്ങൾക്ക് വാർഷിക വരുമാനമായി നല്കുവാൻ നീക്കി വച്ചിരുന്നതുമായ സംഖ്യകൾ എടുത്ത് സഹായിക്കുയും ചെയ്തു. പുത്തൂർ യൂണിറ്റിലെ ആൽഫ സ്വയം സഹായ സംഘം 5000 രൂപ വീതവും, കേരള മോട്ടോർ ട്രാൻസ്പോർട് വർക്കേഴ്സ് ഫോറം 1000 രൂപ വീതവും നല്കി. തൊഴിലാളികളായ കെ.എൽ.എം. അംഗങ്ങൾ മരണപ്പെടുന്ന സാഹചര്യങ്ങളിൽ അവർക്കുവേണ്ടി അവരുടെ കുടുംബാംഗങ്ങൾക്ക് നല്കി വന്നിരുന്ന മരണാനന്തര സാമ്പത്തിക സഹായം കോവിഡ് കാലത്ത് നിലനിർത്തി കൊണ്ടിരുന്നു. കോവിഡ് മഹാമാരിയുടെ കാലത്തേത് ഉൾപെടെ ഒമ്പത് അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് 140,000.00 (ഒരു ലക്ഷത്തി നാല്പതിനായിരം രൂപ) രൂപ വീതം ആകെ 1,260,000.00 (പന്ത്രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ) കെ.എൽ.എം. അംഗങ്ങൾ പിരിച്ച് നല്കുകയുണ്ടായി.

3. **സാക്രിസ്റ്റൻസ് അസോസിയേഷൻ**

തൃശൂർ അതിരൂപതയിലെ കെ.എൽ.എം. നേതൃത്വം നല്കി വരുന്ന ദൈവാലയ ശുശ്രൂഷികളുടെ സംഘടനയായ സാക്രിസ്റ്റൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നിലവിൽ ജോലി ചെയ്യുന്ന ദൈവാലയ ശുശ്രൂഷികൾക്കും ജോലിയിൽ നിന്നും വിരമിച്ചവർക്കും 1000 രൂപ വീതം വിതരണം ചെയ്തു. രോഗികളായി കഴിയുന്നവരെ പ്രത്യേകം സഹായിക്കുകയും ചെയ്തു.

**4. ക്ഷേമഫണ്ടുകളിൽ നിന്നുമുള്ള കോവിഡ് ധനസഹായം ലഭ്യമാക്കി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരള സർക്കാർ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഫണ്ടുകളിൽ നിന്നും വിവധ ക്ഷേമനിധി ഫണ്ടുകളിൽ നിന്നും തൊഴിലാളികൾക്ക് ധനസഹായം പ്രഖ്യാപിക്കുകയുണ്ടായി. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സാമൂഹ്യ അകലം പാലിക്കേണ്ടതിനാൽ അപേക്ഷകൾ ഓൺലൈൻ വഴിയായിരുന്നു സമർപ്പിക്കേണ്ടത്. ഇപ്രകാരം നിഷ്കർഷിച്ചതിനാൽ പല തൊഴിലാളികൾക്കും അപേക്ഷിക്കുവാൻ കഴിയാതെയായി. ഈ സാഹചര്യത്തിൽ കെ.എൽ.എം. അതിരൂപത ഓഫീസ് ഏപ്രിൽ പകുതിയോടു കൂടി പ്രവർത്തന നിരതമാക്കി. കെ.എൽ.എം. നേതൃത്വത്തിൽ സാമൂഹ്യ സുരക്ഷ, ക്ഷേമനിധി ഫണ്ടുകളിൽ ചേർത്തവർക്കും കൂടാതെ ഈ സേവനം ആവശ്യപ്പെട്ടു വന്ന മറ്റു തൊഴിലാളികർക്കും പ്രതിഫലമെന്ന്യേ സാങ്കേതികമായ സഹായം ചെയ്തു കൊടുക്കുകയും ചെയ്തു. അംശാദായം അടക്കുന്നതിൽ മുടക്ക് വന്നവർക്കും ഈ സഹായം ലഭ്യമാക്കുവാനും കെ.എൽ.എം. പരിശ്രമിക്കുകയുണ്ടായി. കെട്ടിട നിർമാണ തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കൈതൊഴിലാളികൾ, വിദഗ്ദ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, പീടിക തൊഴിലാളികൾ തുടങ്ങിയ അനേകായിരം വ്യക്തികൾക്ക് ഈ സഹായം ലഭ്യമാക്കുവാൻ കഴിഞ്ഞു.

**5. പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ**

തൊഴിലാളികളുടെ മക്കളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതാനും യൂണിറ്റുകൾ തൊഴിലാളി കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു കൊണ്ട് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. ഒരു വീട് സൗജന്യമായി വയറിംഗ് ജോലികൾ ചെയ്തുകൊടുത്ത എയ്യാൽ ഇടവക യൂണിറ്റും, പാലയൂർ യൂണിറ്റും, ഒരു നിർധന കുടുംബത്തിന്റെ ഓൺലൈൻ പഠന സാമഗ്രികൾ നല്കുകയും മറ്റ് പഠനാവശ്യങ്ങൾ ഏറ്റെടുക്കുകയും ചെയ്ത പുത്തൂർ യൂണിറ്റും ഇവയിൽ മാതൃക നല്കിയ യൂണിറ്റുകളാണ്.

**6. രോഗികൾക്ക് സഹായം, അഗതി മന്ദിരങ്ങളിലുള്ളവർക്ക് സഹായം**

കിഡ്ണി, ഹൃദയം എന്നിവ സംബന്ധമായ രോഗങ്ങൾക്കും

തീപൊള്ളലേറ്റ രോഗിക്കും മറ്റു അസുഖ ബാധിതർക്കും സാമ്പത്തികമായി സഹായം ചെയ്ത യൂണിറ്റുകൾ ഈ കോവിഡ് കാലത്ത് ഉണ്ടായി എന്നത് കെ.എൽ.എം.ന് അഭിമാനിക്കുവാൻ വക നല്കുന്നതാണ്. വെളുത്തൂർ, എയ്യാൽ, ഏനാമ്മാവ് എന്നീ യൂണിറ്റുകൾ ഇക്കാര്യത്തിൽ മാതൃക കാണിച്ചു. കൂടാതെ അഗതി മന്ദിരത്തിലേക്ക് അവശ്യ വസ്തുക്കൾ നല്കുവാൻ മനസ്സു കാണിച്ച വാടാനപ്പിള്ളി യൂണിറ്റും അഭിനന്ദനം അർഹിക്കുന്നു. കോവിഡ് മഹാമാരിയുടെ കാലത്തും മുടക്കമില്ലാതെ തുടർന്നു പോയ ഒരു പദ്ധതിയായിരുന്നു കെ.എൽ.എം. പരസ്പര സഹായ സഹമൂഹ്യ സുരക്ഷ പദ്ധതി. ഈ കാലഘട്ടത്തിൽ 9 ആഴ്ചകളിലായി 581035.00 (അഞ്ച് ലക്ഷത്തി എൺപത്തൊന്നായിരത്തി മുപ്പത്തി അഞ്ച് രൂപ) രോഗികൾക്ക് ചികിത്സ സഹായമായി ഈ പദ്ധതി പ്രകാരം നല്കുകയും ചെയ്തു. ഏറ്റവും താഴെ തട്ടിലുള്ള വ്യക്തികൾക്കാണ് ഈ പദ്ധതികൊണ്ട് ഏറെ ഉപകാരപ്പെട്ടത് എന്നത് അഭിമാനകരമാണ്. പാലയൂർ പള്ളിയകം ടൈൽ വിരിച്ച് ഭംഗിയാക്കുന്ന ജോലി പാലയൂർ കെ.എൽ.എം. ഏറ്റെടുത്ത് പൂർത്തിയാക്കി. കോവിഡ് കാലത്ത് ഭാരത അപ്പസ്തോലനായ മാർ തോമ പിതാവിനോട് ഉള്ള സ്നേഹത്തിന്റേയും ഭക്തിയുടേയും അടയാളമായി ശ്രമദാനമായി തന്നെയാണ് പണികൾ പൂർത്തിയാക്കിയത്.

7. **സെമിനാറുകൾ, യോഗങ്ങൾ, തുടർപ്രവർത്തനങ്ങൾ**

കെ.എൽ.എം. സംസ്ഥാന സമിതിയും തൃശൂർ അതിരൂപതയും പ്രത്യേകമായി നടത്തിയ വിവിധ സെമിനാറുകളിൽ കെ.എൽ.എം. തൃശൂർ ഭാരവാഹികളും ഏതാനും ചില അംഗങ്ങളും പങ്കെടുത്തതിന്റെ ഫലമായി ഏതാനും തുടർ പരിപാടികൾക്ക് കെ.എൽ.എം. തുടക്കം ഇടുകയുണ്ടായി. അതിന്റെ തുടർയായി വിവിധ വീടുകളിൽ വ്യക്തിപരമായും ഇടവകയുടെ പൊതു സ്ഥലങ്ങളിലും പാട്ടത്തിനെടുത്ത സ്ഥലങ്ങളിലും ചിലർ കൃഷി ആരംഭിച്ചു. കാർഷിക ഫലങ്ങൾ സംഭരിക്കുവാനും വിതരണം ചെയ്യുവാനും ആരംഭിച്ചു. അധികമായി സമാഹരിക്കുന്ന വസ്തുക്കൾ തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ഹരിതസാന്ത്വനം എന്ന പദ്ധതിയിലൂടെ വില്പന നടത്തുവാൻ ശ്രമിക്കുന്നതാണ്.

തുടർപ്രവർത്തനമെന്ന നിലയിൽ കെ.എൽ.എം. ഭാരവാഹികൾ ഒരുമിച്ചു കൂടുകയും തൊഴിലാളികളുടെ സാമ്പത്തിക വളർച്ച ഉണ്ടാകുന്നതിന്, തൊഴിൽ നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിന്,

കാർഷിക വസ്തുക്കളുടെ വിതരണവും കാർഷിക ഫലങ്ങളുടെ സംഭരണവും വിതരണവും തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന്, വിവിധ തൊഴിലുകൾ പരിശീലിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിന്, എന്നിങ്ങനെ വിവിതോദ്ധ്യേശങ്ങളോടെ സഹകരണ സംവിധാനങ്ങൾ തുടങ്ങുവാനും തീരുമാനിച്ചു. തൊഴിലാളികൾക്ക് വളരെ ഏറെ പ്രയോജനകരമാകുന്ന പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതി കൂടുതൽ വിപുലമാക്കുവാനും കോവിഡ് സുരക്ഷ ഉറപ്പു നല്കുന്ന മെഡിക്കൽ പദ്ധതിയും മറ്റ് ഇൻഷുറൻസ് പദ്ധതികളും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ശ്രമിക്കുന്നു. മാത്രമല്ല, സാധാരണക്കാരായ തൊഴിലാളികൾക്ക് സർക്കാർ സഹായം ലഭ്യമാക്കുവാൻ അടിസ്ഥാന യോഗ്യതയായി മാറിയ ക്ഷേമനിധി അംഗത്വം ഇല്ലാത്ത എല്ലാ തൊഴിലാളികളേയും കണ്ടെത്തി കെ.എൽ.എം. തൊഴിലാളി ഫോറങ്ങളിൽ ഉൾപെടുത്തി സർക്കാർ ക്ഷേമനിധി ഫണ്ടുകളിൽ അംഗങ്ങൾ ആക്കുവാൻ ആവശ്യമായ നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു.

**ശ്രീ. ജോസ് മാടാനി**
**പ്രസിഡന്റ്**

**ഫാ. ജോർജ് നിരപ്പുകാലയിൽ**
**ഡയറക്ടർ**



# പാക്ട്

പാക്ടിന്റെ നേതൃത്വത്തിൽ ജൂൺ 17,18,19,20 എന്നീ ദിവസങ്ങളിലായി അതിരൂപതയിലെ വൈദികരുടെ Zoom കോൺഫ്രൻസ് നടന്നു. വൈദികർ അവരുടെ കോവിഡ്കാല അനുഭവങ്ങളും പ്രവർത്തനങ്ങളും പങ്കുവെച്ചു. അഭിവന്ദ്യ പിതാക്കന്മാർ വൈദികരെ കണ്ട് സംസാരിക്കാൻ സാധിച്ചതും, ഭൂരിഭാഗം വൈദികർ പങ്കെടുത്തതും വളരെ സന്തോഷത്തോടെ അനുസ്മരിക്കുന്നു.

അതിരൂപതാതലത്തിൽ നടപ്പിലാക്കേണ്ട 2020–2021 കാലഘട്ടത്തിലെ പാസ്റ്ററൽ പ്ലാൻ, മഹാമാരിയുടെ പശ്ചാത്തലത്തിൽ പുന:ക്രമീകരിക്കാൻ തീരുമാനിച്ചു.

അതിരൂപതാ പാക്ട് കൺവീനർമാരുടെ യോഗം ജൂൺ 9–ാം തിയ്യതി അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുകയും, പാക്ടിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

പാകടിന്റെ നതൃത്വത്തിൽ ജൂലൈ 19–ാം തിയ്യതി ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് വിവിധ സംഘടനകളുടെ ഡയറക്ടർമാർ പ്രസിഡന്റുമാർ സെക്രട്ടറി അജണ്ടകമ്മിറ്റി മെമ്പേഴ്സ് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 'ഇടവകശാക്തീകരണം, ഇടവക സംഘടനാ പ്രവർത്തനങ്ങളിലൂടെ' എന്ന് വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു.

ജൂലൈ 21–ാം തിയ്യതി അതിരൂപതയ്ക്കുപുറത്ത് സേവനം ചെയ്യുകയും, പഠിക്കുകയും ചെയ്യുന്ന വൈദികരുടേയും, ജൂലൈ 26–ാം തിയ്യതി അതിരൂപതയിലെ സന്യസ്തരുടേയും Zoom കോൺഫ്രൻസ് സംഘടിപ്പിച്ചു.

ജൂലൈ 24–ാം തിയ്യതി രാവിലെ 9.45 മുതൽ 12 മണി വരെ വൈദികരുടെ മാസധ്യാനം നടന്നു. റവ. ഡോ. മൈക്കിൾ കാരിമറ്റം വചന സന്ദേശം നല്കി, തുടർന്ന് വൈദികരുടെ സമ്മേളനം നടത്തുകയും ചെയ്തു.

**ഫാ. അലക്സ് മരോട്ടിക്കൽ**
സെക്രട്ടറി

**ഫാ. സൈജോ തൈക്കാട്ടിൽ**
കൺവീനർ



# അതിരൂപത പബ്ളിക്ക് റിലേഷൻസ് വകുപ്പ്

## പാരിഷ് ബുള്ളറ്റിൻ മത്സരവിജയികൾ 2019

**. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ**

| | | |
|---|---|---|
| ഒന്നാം സമ്മാനം : | കത്തീഡ്രൽ വോയ്സ് | തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം : | ഡോളേഴ്സ് ഡൈജസ്റ്റ് | തൃശ്ശൂർ ബസിലിക്ക |
| | അന്നാസ് ഡൈജസ്റ്റ് | തൃശ്ശൂർ വെസ്റ്റ് ഫോർട്ട് |
| | ജീവൻപ്രഭ | പാലക്കൽ |
| | യേശുനാദം | ഒല്ലൂർ |
| മൂന്നാം സമ്മാനം : | പാദുവാദീപം | മണ്ണുത്തി |
| | ഷാലോം | അരണാട്ടുകര |

പ്രോത്സാഹനസമ്മാനം

| | | |
|---|---|---|
| | 1. സ്നേഹസ്പന്ദനം | ചെവ്വൂർ |
| | 2. സെന്റ് ആന്റണീസ് വോയ്സ് | വരടിയം |
| | 3. മാർതോമാ ദീപ്തി | മറ്റം |
| | 4. അമലോത്ഭവ | മരത്താക്കര |
| | 5. മേരി നാദം | ഒല്ലൂർ മേരിമാത |
| | 6. മരിയനാദം | മണ്ണംപേട്ട |

**2. ഇടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : സ്നേഹദൂത് | പൂങ്കുന്നം |
| | ദിവ്യസ്പന്ദനം | കുറുമാൽ |
| രണ്ടാം സമ്മാനം | : മരിയൻ വോയ്സ് | തയ്യൂർ |
| മൂന്നാം സമ്മാനം | : വോക്ക് സുദേയ് | സ്നേഹപുരം |

പ്രോത്സാഹനസമ്മാനം

| | | |
|---|---|---|
| | 1. കർമ്മലദീപ്തി | ചേറ്റുപുഴ |
| | 2. നിദർശന | മങ്ങാട് |

**കവർ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : സെന്റ് ആന്റണീസ് ഡൈജസ്റ്റ് | ചേർപ്പ് |
| | മരിയ ജ്വാല | പല്ലിശ്ശേരി |
| രണ്ടാം സമ്മാനം | : മരിയൻ വോയ്സ് | ചെങ്ങാലൂർ |
| | സ്നേഹസ്പന്ദനം | ചെവ്വൂർ |
| | സെന്റ് സേവിയേഴ്സ് വോയ്സ് | വടക്കാഞ്ചേരി |
| മൂന്നാം സമ്മാനം | : യേശുനാദം | ഒല്ലൂർ |

**എഡിറ്റോറിയൽ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : കത്തീഡ്രൽ വോയ്സ് (പ്രൊഫ. ജോൺ സിറിയക്) | തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം | : മരിയനാദം (ബൈജോ കോക്കാടൻ) | മണ്ണംപേട്ട |
| | ആമ്മേൻ (പാവുണ്ണി കാരമുക്ക്) | നോർത്ത് കാരമുക്ക് |
| | മരിയ കാഹളം (വിൻസെന്റ് പെരുമാടൻ) | കണ്ടശ്ശാംകടവ് |
| മൂന്നാം സമ്മാനം | : സാൻജോ വോയ്സ് (പോൾ കൊച്ചുവീട്ടിൽ) | കുരിയച്ചിറ |
| | പ്രകാശനാളം (ഡെന്നി സൈമൺ മണ്ടി) | പുത്തൻപീടിക |

**ലേ ഔട്ട്**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : ടച്ച് മീ | കുന്നംകുളം |
| രണ്ടാം സമ്മാനം | : ജോസഫ് ജ്യോതി | വേലൂപ്പാടം |
| | ഡോളേഴ്സ് ഡൈജസ്റ്റ് | തൃശ്ശൂർ ബസിലിക്ക |
| മൂന്നാം സമ്മാനം | : പ്രകാശനാളം | പുത്തൻപീടിക |
| | മേരി നാദം | ഒല്ലൂർ മേരിമാത |
| | അമലോത്ഭവ | മരത്താക്കര |

**ഫീച്ചർ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : ജോഷി ചിറമ്മൽ, | |
| | കത്തീഡ്രൽ വോയ്സ് | തൃശ്ശൂർ ലൂർദ്ദ് |
| | ഡോ. ഡെയ്സൻ പാണേങ്ങാടൻ, | |
| | ദിവ്യസ്പന്ദനം | പറപ്പൂർ |
| രണ്ടാം സമ്മാനം | : ദേവസ്സി കെ. സി., | |
| | ജീവൻപ്രഭ | പാലക്കൽ |
| മൂന്നാം സമ്മാനം | : ഡോ. ജസ്റ്റിൻ ബേബി | |
| | മണ്ടുംപാൽ, പാദുവാനാദം | പാറേമ്പാടം |
| | ആന്റണി സൈമൺ റ്റി., | |
| | മാർത്തോമാ ദീപ്തി | മറ്റം |

**കവിത**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : ലൗലി ഫ്രാൻസിസ്, | |
| | കത്തീഡ്രൽ വോയ്സ് | തൃശ്ശൂർ |
| രണ്ടാം സമ്മാനം | : റീബ പോൾ, വിജയകാഹളം | ചേറൂർ |
| മൂന്നാം സമ്മാനം | : ചാക്കോ തൈക്കാട്, ഗ്ലോറിയ | ബ്രഹ്മകുളം |
| | പ്രിൻസി ജോൺ, | |
| | മാർത്തോമാ ദീപ്തി | മറ്റം |
| | ജോയ് കള്ളിക്കാടൻ, | |
| | ക്രിസ്തുരാജ് | കോടന്നൂർ |
| | ഔസേപ്പ് തൈക്കാട്ടിൽ, | |
| | സാന്തോം വോയ്സ് | തിരൂർ |

**ലേഖനം**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : സ്റ്റെനി ജോൺ, ജീവൻപ്രഭ | പാലക്കൽ |
| | ഡോ. നെൽസൺ തോമസ്, | |
| | സാന്തോം വോയ്സ് | തിരൂർ |
| രണ്ടാം സമ്മാനം | : എ. ഡി. പോൾ, പൂത്തോക്കാരൻ, | |
| | മാതൃനാദം | ഇരവിമംഗലം |

| | | |
|---|---|---|
| മൂന്നാം സമ്മാനം : | സി. ലിസ കടമ്പാട്ട്, | |
| | സെന്റ് ആന്റണീസ് വോയ്സ് | വരടിയം |
| | സി. പി. ദേവസ്സി, ഷാലോം | അരണാട്ടുകര |

**കഥ**

| | | |
|---|---|---|
| ഒന്നാം സമ്മാനം : | പി.എ. റാഫേൽ, ജീവൻപ്രഭ | പാലക്കൽ |
| രണ്ടാം സമ്മാനം : | പാവുണ്ണി കാരമുക്ക്, | |
| | ആമ്മേൻ | നോർത്ത് കാരമുക്ക് |
| | സ്മിത ആലുക്ക, | |
| | കത്തീഡ്രൽ വോയ്സ് | തൃശ്ശൂർ |
| മൂന്നാം സമ്മാനം : | ഡാലിയ ടോണി, ഷാലോം | അരണാട്ടുകര |
| | ബിന്ദു ടി. എൽ., വിജയമാത | ചിയ്യാരം |

**കാർട്ടൂൺ**

| | | |
|---|---|---|
| ഒന്നാം സമ്മാനം : | ജോൺസൻ നമ്പഴിക്കാട്, | |
| | മാർത്തോമാ ദീപ്തി | മറ്റം |
| രണ്ടാം സമ്മാനം : | ജോഷി ജോസ്, മരിയ രശ്മി | പേരാമംഗലം |
| മൂന്നാം സമ്മാനം : | ഷാജു കുറ്റിക്കാടൻ, | |
| | സാന്റോ വോയ്സ് | മച്ചാട് |

**ഇടയശബ്ദം (വികാരി)**

| | |
|---|---|
| ഫാ. ജോസ് തത്രത്തിൽ, ദിവ്യനാദം | വരന്തരപ്പിള്ളി |
| ഫാ. ജോയ് കൊള്ളന്നൂർ, പാദുവാരശ്മി | അമ്മാടം |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ, | |
| സെന്റ് ആന്റണീസ് വോയ്സ് | വരടിയം |
| ഫാ. ജോബ് പടയാട്ടിൽ, മരിയൻ വോയ്സ് | ചിറ്റിശ്ശേരി |
| ഫാ. ആന്റണി ആലുക്ക, തിരുഹൃദയനാദം | പെരിഞ്ചേരി |

**ഇടയശബ്ദം (സഹവികാരി)**

| | |
|---|---|
| ഫാ. ജോമോൻ പൊന്തേക്കൻ, കത്തീഡ്രൽ വോയ്സ് | തൃശ്ശൂർ |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ, മരിയ രശ്മി | പേരാമംഗലം |
| ഫാ. ലിയോ പുത്തൂർ, കർമ്മലനാദം | മുണ്ടൂർ |
| ഫാ. ടൈസൻ മണ്ടുംപാൽ, മേരി നാദം | ഒല്ലൂർ മേരിമാത |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ, യേശുനാദം | ഒല്ലൂർ |

NB : പാരിഷ് ബുള്ളറ്റിൻ മത്സരവിജയികൾ 2019ലെ വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്യുന്ന തീയതി പിന്നീട് അറിയിക്കുന്നതാ

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. നൈസൺ ഏലന്താനത്ത്**
ഡയറക്ടർ



പരി. കന്യാമറിയത്തിന്റെ
സ്വർഗ്ഗാരോപണ തിരുനാൾ
ആശംസകൾ
(ആഗസ്റ്റ് 15)

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.07.2020
**August- 2020**




Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor